# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 41 ലക്കം ജൂലൈ 2023 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



കന്യകയാകും ഹവ്വായന്നാൾ
പാപത്താലതി പങ്കിലയായി.
അപമാനത്തിൻ ഇലകളുടുത്താ
പറുദീസാ വിട്ടകലെയലഞ്ഞു.
മിശിഹാതൻ പ്രിയമാതാവാകും
കന്യകയെന്നാൽ മഹിമയണിഞ്ഞു.

മഹിമാലംകൃതയായ് മരുവീടും
രണ്ടാം ഹവ്വാ സൂനുവിനായി,
ഉടയാടകൾ തന്നുടയവനായി
മോഹനവസ്ത്രം മനയുകയായി.
അവളവനേകിയ തിരുമെയ്യല്ലോ
ദൈവകുമാരൻ പാരിലണിഞ്ഞു.

പാവനകന്യാമാതാവേ, നീ
ദിവ്യാനുഗ്രഹപൂരിതയല്ലോ.
മനസ്സും ഹൃദയവുമാത്മാവും നീ
ദൈവകുമാരനിരിപ്പിടമാക്കി.
നിന്നെ വണങ്ങും ജനതകളെ നീ
സൂനുവിലേക്കു നയിച്ചീടുന്നു.

(കൈത്താക്കാലം, ബുധൻ-ലെലിയാ)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**വാല്യം 41 കൈത്താ ലക്കം ജൂലൈ 2023**

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ക്രിസ്തീയജീവിതം: സഭാത്മകജീവിതം 5
- സ്നേഹത്തിന്റെ പൂർണഭാവം 8
- കൈത്താക്കാലം: അർത്ഥപൂർണമായ വിളവെടുപ്പിന്റെ കാലം 10
- ആരാണ് യഥാർത്ഥ ഉടമസ്ഥൻ? 12
- പരിസ്ഥിതിസംരക്ഷണം 14
- സ്വർഗരാജ്ഞി 16
- അപ്പസ്തോലിക് ഒബ്ലേറ്റ്സിന് അഭിമാനമുഹൂർത്തം 17
- സെനക്കിൾ തരംഗം 20
- ജോനാഥൻ 21
- ലൈവ് 25
- അധികഭാരം വലിച്ചെറിയൂ 27
- ശാന്തമായ യാത്ര 28
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# ഭയപ്പെടരുതൊരിക്കലും


"ക്രൈസ്തവർക്കെതിരേ എവിടെയെല്ലാം പീഡനങ്ങളുണ്ടായിട്ടുണ്ടോ അവിടെയെല്ലാം ക്രൈസ്തവവിശ്വാസം തഴച്ചുവളർന്നിട്ടേയുള്ളൂ". "മണിപ്പൂരിൽ ഈശോയെ ആരാധിക്കുന്നകുറേ പാവപ്പെട്ടവരെ പച്ചയ്ക്കു കത്തിച്ചാൽ ഇന്ത്യയിലെ ക്രിസ്ത്യാനി അന്തംവിട്ടോടുമെന്ന് കരുതരുത്". മണിപ്പൂരിലെ കലാപത്തിന്റെ പശ്ചാത്തലത്തിൽ സോഷ്യൽ മീഡിയയിൽ ഉയർന്നുകേട്ട, വിശ്വാസം നല്കുന്ന ചങ്കൂറ്റത്തോടെയുള്ള, വാക്കുകളിൽ ചിലതാണിവ.

ഇത് ദൈത്താക്കാലം... തങ്ങൾ അനുഭവിച്ചറിഞ്ഞ മിശിഹായെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ വിവിധ സ്ഥലങ്ങളിൽ പ്രഘോഷിച്ചതിന്റെ ഫലമായി തിരുസഭ വളർന്നുവന്നതിന്റെയും ഫലംചൂടിയതിന്റെയും ഓർമ്മകൾ ധ്യാനവിഷയമാക്കുന്ന കാലം. ലോകമെമ്പാടുമുള്ള സഭയുടെ വളർച്ചയുടെ കാലഘട്ടങ്ങളിൽ സഹനപാതകൾ ധാരാളമുണ്ടായിട്ടുണ്ട്. എന്നാൽ വിശ്വാസപാതയിൽനിന്നും വ്യതിചലിക്കാതെ, തങ്ങളുടെ പൂർവികർ കാണിച്ചുതന്ന രക്തസാക്ഷിത്വത്തിന്റെ മാതൃക പിന്തുടരാനാണ് ക്രൈസ്തവർ എന്നും ശ്രമിച്ചിട്ടുള്ളത്. രക്തസാക്ഷികളുടെ ചുടുനിണത്താലാണല്ലോ ആദിമസഭ പടർന്നു പന്തലിച്ചത്.

തങ്ങൾക്കെതിരെ ബോധപൂർവം നടത്തുന്ന കരുനീക്കങ്ങൾക്കെതിരേ ക്രൈസ്തവർ പ്രതികരിക്കാറുണ്ടെങ്കിലും അവയൊരിക്കലും ക്രിസ്തീയചൈതന്യത്തിന് എതിരുനില്ക്കുന്നതാവില്ല. തങ്ങളായിരിക്കുന്ന രാഷ്ട്രത്തിന്റെ അഖണ്ഡതയും നന്മയും ലക്ഷ്യമാക്കി ജീവിക്കുന്ന ക്രൈസ്തവവിശ്വാസികൾക്ക് പക്ഷേ, ഭരണാധികാരികളിൽനിന്നും ശരിയായ നീതി ലഭിക്കാതെ പോകുന്ന കാഴ്ചകളും ചില രാജ്യങ്ങളിൽ കാണുവാൻ സാധിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തും ക്രൈസ്തവർക്കെതിരേയുള്ള പീഡനങ്ങൾ ഓരോ വർഷവും വർദ്ധിച്ചുവരികയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

ഏതു പ്രതികൂലസാഹചര്യങ്ങളിലും യഥാർത്ഥ വിശ്വാസത്തിൽനിന്നും വ്യതിചലിച്ചുപോകാതെ പരിശുദ്ധാത്മഫലങ്ങൾ പുറപ്പെടുവിച്ച്, വേണ്ടിവന്നാൽ രക്തസാക്ഷിത്വം വരിക്കാൻപോലും തയ്യാറാകണമെങ്കിൽ, നമുക്കുവേണ്ടി പീഡകൾ സഹിച്ചുമരിച്ചുയർത്ത മിശിഹായിലുള്ള ആത്മാർത്ഥമായ, ആഴമേറിയ, വിശ്വാസവും പ്രത്യാശയും സ്നേഹവും നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. സത്യവിശ്വാസികളായിരിക്കുന്നതിന്റെ പേരിൽ സഹനങ്ങൾ ഏറ്റെടുക്കുന്ന ഓരോ സഹോദരങ്ങൾക്കുംവേണ്ടി പ്രാർത്ഥനകളുയർത്തുന്നതോടൊപ്പം സ്വാതന്ത്ര്യദിനമാഘോഷിക്കുന്ന നമ്മുടെ രാജ്യത്തിൽ പരസ്പരസ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും ചൈതന്യം വളർന്നുവരുവാൻ സ്വർഗാരോപിതമാതാവിനോട് നമുക്ക് മാധ്യസ്ഥ്യം തേടുകയും ചെയ്യാം.

ചീഫ് എഡിറ്റർ




# ക്രിസ്തീയജീവിതം സഭാത്മകജീവിതം

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സഭയുടെ വളർച്ചയെ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധനക്രമവത്സരകാലഘട്ടമാണ് കൈത്താക്കാലം. 'കൈത്താ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'വേനൽ' എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടക്കുന്നത്. ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരുപിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനെയാണ് കൈത്താക്കാലം അനുസ്മരിപ്പിക്കുന്നത്.

**സഭ: വചനം സ്വീകരിക്കുന്ന സമൂഹം**

പന്തക്കുസ്താദിവസം പത്രോസ്ശ്ലീഹാ മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റു നിന്ന് ആദ്യമായി സുവിശേഷപ്രഘോഷണം നടത്തി (ശ്ലീഹ 2,14-36). പത്രോസിന്റെ സുവിശേ

ഷപ്രഘോഷണം കേട്ട ജനം, ശ്ലീഹായുടെ ആഹ്വാനപ്രകാരം പശ്ചാത്തപിക്കുകയും ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുകയും ചെയ്തു (ശ്ലീഹ 2,38-41). അപ്രകാരം വചനം സ്വീകരിച്ച മൂവായിരത്തോളം ആളുകളുടെ സമൂഹമായിട്ടാണ് സഭ ജന്മം കൊള്ളുന്നത് (ശ്ലീഹ 2,41). ഇങ്ങനെ ജന്മംകൊണ്ട സഭാസമൂഹം നിരന്തരമായ വചനസ്വീകരണത്തിലൂടെയാണ് വിശ്വാസികളുടെ സമൂഹമായി നിലനില്ക്കുന്നതും വളരുന്നതും. "അവർ ശ്ലീഹന്മാരുടെ പ്രബോധനം, ... എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). കേവലം ഒറ്റപ്പെട്ടുള്ള വചനസ്വീകരണമല്ല ക്രിസ്തീയജീവിതത്തിൽ പലപ്പോഴും നടക്കുന്നതും നടക്കേണ്ടതും. വ്യക്തിപരമായി സ്വീകരിക്കുന്ന വചനം ശ്ലൈഹിക ആധികാരികതയോടുകൂടിയുള്ളതാണെന്ന് ഉറപ്പുവരുത്തണം. സഭാത്മകമായ വചനസ്വീകരണം ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനപരമായ സ്വഭാവമാണ്. അപ്രകാരം വചനം സ്വീകരിച്ച് അതിനു പ്രത്യുത്തം നല്കുന്ന സമൂഹമെന്ന നിലയിൽ സഭ വിശ്വാസികളുടെ സമൂഹമായിത്തീരുന്നു.

**സഭ: വചനം ജീവിക്കുന്ന സമൂഹം**

വചനാനുസൃത ജീവിതം നയിക്കുന്ന സമൂഹം അവശ്യം കൂട്ടായ്മയുള്ള സമൂഹമായിത്തീരും. സഭാകൂട്ടായ്മ കേവലം മാനുഷികകൂട്ടായ്മയല്ല, ദൈവികകൂട്ടായ്മയാണ്. യോഹന്നാൻശ്ലീഹായുടെ ഒന്നാം ലേഖനം അതേപ്പറ്റി ഇപ്രകാരം പറയുന്നു: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു. ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു. ... ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മയുണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടത്തെ പുത്രനായ ഈശോമിശിഹായോടുമാണ്" (1 യോഹ 1,1-3). മാംസമായി അവതരിച്ച വചനമായ മിശിഹായെ അനുഭവിച്ചറിഞ്ഞതാണ് ശ്ലീഹന്മാരെയും അവരിലൂടെ സഭയെയും ഒരു കൂട്ടായ്മയായി രൂപാന്തരപ്പെടുത്തുന്നത്. ആദിമസഭ ഇപ്രകാരം കൂട്ടായ്മയിൽ സദാ പങ്കുചേർന്നിരുന്ന ഒരു സമൂഹമായിരുന്നു (ശ്ലീഹ 2,42). നിരന്തരമായ വചനസ്വീകരണവും വചനാനുസൃതജീവിതവുമാണ് സഭാസമൂഹത്തെ ഇപ്രകാരം കൂട്ടായ്മയായി കെട്ടിപ്പടുക്കുന്നത്.

**സഭ: വചനം ആഘോഷിക്കുന്ന സമൂഹം**

ആദിമസഭയെക്കുറിച്ച് നാം ഇപ്രകാരം വായിക്കുന്നു: "അവർ ... അപ്പം മുറിക്കൽ, ... എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). അതുപോലെതന്നെ വീണ്ടും പറയുന്നു: "അവർ ഏകമനസ്സോടെ താല്പര്യപൂർവം അനുദിനം ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തു" (ശ്ലീഹ 2,46). 'അപ്പം മുറിക്കൽ' എന്നു വിശേഷിപ്പിക്കപ്പെടുന്നത് പരിശുദ്ധ കുർബാനയാഘോഷമാണ്. പരിശുദ്ധ കുർബാന വചനമായ മിശിഹായുടെ ജീവിതബലിയർപ്പണമാണ്. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഒരു ജീവിതമായിരിക്കണം സഭാസമൂഹത്തിന്റേത് എന്ന് ഇതു വ്യക്തമാക്കുന്നു. പരിശുദ്ധ കുർബാന സഭയെ പടുത്തുയർത്തുന്നു എന്ന സഭയുടെ പ്രബോധനം ഇവിടെ തികച്ചും പ്രസക്തമാണ്. അതുകൊണ്ട് പരിശുദ്ധ കുർബാനയാകുന്ന വചനാഘോഷം സഭാസമൂഹത്തിന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നാണ്.

**സഭ: വചനത്തിനു പ്രത്യുത്തരിക്കുന്ന സമൂഹം**

ദൈവവചനമാകുന്ന മിശിഹായിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവത്തിനു മനുഷ്യൻ

നല്കുന്ന പ്രത്യുത്തരമാണ് പ്രാർത്ഥന. അത് ആരാധന, സ്തുതി, കൃതജ്ഞത, യാചന തുടങ്ങി വിവിധ രൂപങ്ങൾ ഉൾക്കൊള്ളുന്നതാവാം. പരിശുദ്ധ കുർബാനയാണ് സഭയുടെ ഏറ്റവും വലിയ പ്രാർത്ഥന. അതുകഴിഞ്ഞാൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന പ്രാർത്ഥന യാമപ്രാർത്ഥനകളാണ്. ആദിമസഭയുടെ ജീവിതശൈലി അവതരിപ്പിച്ചുകൊണ്ട് നടപടിഗ്രന്ഥം പറയുന്നു: "അവർ ... പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). മൂലഭാഷയിൽ 'പ്രാർത്ഥന' എന്നതിനു പകരം 'നിശ്ചിതപ്രാർത്ഥനകളിൽ' എന്നാണു കാണുന്നത്. അതുകൊണ്ട് അത് 'യാമപ്രാർത്ഥനകൾ' ആകാനാണ് സാധ്യത. ശ്ലീഹന്മാർ യാമങ്ങളിൽ വിശ്വാസികളോടൊത്ത് ദൈവാലയത്തിൽ പ്രാർത്ഥിക്കാൻ പോകുമായിരുന്നു (ശ്ലീഹ 3,1). അതുകൊണ്ട് സഭാസമൂഹം യാമപ്രാർത്ഥനയിലൂടെ വചനത്തിനു പ്രത്യുത്തരം നല്കുന്ന സമൂഹമായിരിക്കണം.

**ക്രിസ്തീയജീവിതം: സഭാത്മകം**

നടപടിഗ്രന്ഥം ആദിമക്രൈസ്തവസമൂഹത്തെ അവതരിപ്പിക്കുന്നത് സഭാത്മകസമൂഹമായിട്ടാണ് എന്ന് മുകളിൽ പറഞ്ഞ വിവരണങ്ങൾ വ്യക്തമാക്കുന്നുണ്ട്. ക്രിസ്തീയജീവിതത്തെ, കേവലം വ്യക്തിപരമായ ജീവിതമായി കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നത് ശരിയല്ല. പലപ്പോഴും അപ്രകാരം ക്രൈസ്തവർ ജീവിക്കാൻ ഇടയാകുന്നുമുണ്ട്. അതിന് മാറ്റം സംഭവിക്കണം. മാമോദീസായിലൂടെയാണല്ലോ ക്രൈസ്തവജീവിതം ആരംഭിക്കുന്നത്. മാമോദീസാ നല്കപ്പെടുന്നത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് (മത്താ 28,19). അതായത്, മാമോദീസായിലൂടെ ഒരാൾ ത്രിത്വകൂട്ടായ്മയിലേക്ക് പ്രവേശിക്കപ്പെടുകയാണ്. അപ്രകാരം ത്രിത്വകൂട്ടായ്മയിൽ ഒന്നായിത്തീർന്നവരെന്ന നിലയിൽ സഭാത്മകജീവിതം നയിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192

# സ്നേഹത്തിന്റെ പൂർണഭാവം

**ജിനു നിരപ്പേൽ**

**പ**ഠനം പൂർത്തിയാക്കിയ തന്റെ മൂന്നു ശിഷ്യന്മാർക്ക് അവസാനമായി ഒരു പരീക്ഷയുംകൂടി നടത്താൻ ഗുരു തീരുമാനിച്ചു. ഗുരു ശിഷ്യരെ മൂന്നു പേരെയും വിളിച്ച് അവരുടെ കൈയ്യിൽ കുറച്ചു നാണയങ്ങൾ കൊടുത്തു. എന്നിട്ട് അവരോടു പറഞ്ഞു. നിങ്ങൾ ഇതുകൊണ്ട് ഒരുദിവസം മുഴുവൻ യാത്രചെയ്ത് അതിന്റെ മൂല്യം കണ്ടെത്തി തിരികെ വരുക. അവർ ഗുരുവിന്റെ അടുത്തുനിന്നും യാത്ര തിരിച്ചു. ആദ്യത്തെ രണ്ടു പേരെ സംബന്ധിച്ചിടത്തോളം അവരുടെ ലക്ഷ്യം വളരെ ശക്തമായതായിരുന്നു. വഴിയിൽ കണ്ട ഒന്നിനും, ആർക്കും അവരെ തടസപ്പെടുത്താനായില്ല. അവർ നേരെ പല പണമിടപാടുകാരെയും സമീപിച്ച് അതിന്റെ മൂല്യം തിരിച്ചറിഞ്ഞു. ഗുരുവിനെ അത് അറിയിക്കാനായി വേഗം യാത്ര തിരിച്ചു. എന്നാൽ മൂന്നാമനാകട്ടെ, അത്രയ്ക്കങ്ങ് കണ്ണടച്ച് യാത്ര ചെയ്യാനായില്ല. ഇന്ന് വിശപ്പടക്കാൻ എനിക്കും കുഞ്ഞിനും ഒന്നും കിട്ടിയില്ല, എന്തെങ്കിലും തരുമോ? എന്നു ചോദിച്ചു വന്ന ഒരു സ്ത്രീയ്ക്കും കുഞ്ഞിനുമായി അവൻ ഒരു നാണയം കൊടുത്തു. പിന്നീട് അക്രമിയായ ഒരു മനുഷ്യൻ വഴിയിൽ മുറിവേറ്റു കിടക്കുന്നത് അവൻ കണ്ടു. ആരും സഹായിക്കാനില്ലാത്ത അയാളെ ശുശ്രൂഷിച്ചു വീട്ടിൽ കൊണ്ടാക്കി. പ്രായമായ ഒരു മനുഷ്യന് മരുന്നു വാങ്ങിച്ചു കൊടുത്തു. അങ്ങനെ കൊടുത്തുവിട്ട നാണയങ്ങളിൽ പലതും തീർത്ത് അവനും തിരികെയെത്തി.

ഗുരു ശിഷ്യരെ വിളിച്ച് അവരുടെ യാത്രയെക്കുറിച്ച് വിശദീകരിക്കാൻ ആവശ്യപ്പെട്ടു. ആദ്യ രണ്ടു ശിഷ്യന്മാർ അവരുടെ യാത്രകളെക്കുറിച്ച് ഏറെ വാചാലരായി. ലക്ഷ്യംമാത്രം മുന്നിൽ കണ്ട് ഓടിയ അവർ പലരിൽനിന്നും നാണയങ്ങളുടെ മൂല്യത്തെക്കുറിച്ച് ലഭിച്ച കാര്യങ്ങളെല്ലാം പങ്കുവച്ചു. എന്നിട്ട് നാണയങ്ങൾ ഗുരുവിനെ തിരികെ ഏൽപ്പിച്ചു.

ഇതൊക്കെ കേട്ടു വിഷമിച്ചു നിന്ന മൂന്നാമനോട് ഗുരു പറഞ്ഞു. നീയും പറയൂ. അവൻ പറഞ്ഞു: ഗുരു എന്നോട് ക്ഷമിക്കണം. എനിക്ക് മുഴുവൻ നാണയങ്ങളും തിരികെ കൊണ്ടുവരാൻ കഴിഞ്ഞില്ല. വഴിയിൽ ചില ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കേണ്ടിവന്നു. അവൻ നടന്ന കാര്യങ്ങൾ



**"എല്ലാവർക്കും നന്മ ചെയ്യുക. എല്ലാവരിലും ദൈവമുദ്ര പതിപ്പിക്കുക. അതാണ് സ്നേഹത്തിന്റെ പൂർണഭാവവും പ്രേഷിതപ്രവർത്തനത്തിന്റെ ഏറ്റവും നല്ല പ്രകാശനവും".**

**(ദൈവദാസൻ വില്യം ജക്വീന്താ)**




എല്ലാം വിശദീകരിച്ചു. എല്ലാം ക്ഷമയോടെ കേട്ട ഗുരു അവനെ ചേർത്തുപിടിച്ചു. എന്നിട്ട് എല്ലാവരോടുമായി പറഞ്ഞു: "യഥാർത്ഥത്തിൽ ഇവനാണ് കൈയിലുള്ള നാണയത്തിന്റെ മൂല്യം മനസ്സിലാക്കിയത്. വിശപ്പടക്കാൻ നീ ഒരു നാണയം അവർക്കു കൊടുത്തപ്പോൾ കണ്ട അവരുടെ കണ്ണുകളിലെ സന്തോഷം നിനക്ക് മറക്കാനാവുമോ? അവർ നിന്നെ ദൈവം അയച്ച ഒരുവനായി കണ്ടുകാണും. അക്രമിയെ സഹായിച്ചപ്പോൾ അവന്റെ ഉള്ളിൽ മാനസാന്തരത്തിന്റെ ചിന്ത ഉണർന്നിട്ടുണ്ടാവും. വൃദ്ധനെ സഹായിച്ചപ്പോൾ അവനു നിന്നോട് പിതൃതുല്യമായ വാത്സല്യം തോന്നിയിട്ടുണ്ടാവും".

നമ്മുടെ കയ്യിലുള്ള സമ്പാദ്യം അതെന്തായാലും, പണമായാലും അറിവായാലും സമയമായാലും, അത് ആവശ്യമുള്ളവർക്കായി ഉപയോഗിക്കുമ്പോളാണ് യഥാർത്ഥത്തിൽ മൂല്യമുള്ളതായിത്തീരുന്നത്. അപരന്റെ ആവശ്യങ്ങളിലേക്ക് ഞാൻ കടന്നുചെന്നാൽ എനിക്ക് പലതും നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്ന ചിന്ത പലപ്പോഴും മനുഷ്യനെ സ്വാർത്ഥനാക്കുന്നു. ദൈവദാസനായ ബിഷപ്പ് വില്യം ജക്വീന്താ ഇപ്രകാരം പറയുന്നു: "എല്ലാവർക്കും നന്മ ചെയ്യുക എല്ലാവരിലും ദൈവമുദ്ര പതിപ്പിക്കുക. അതാണ് സ്നേഹത്തിന്റെ പൂർണഭാവവും പ്രേഷിതപ്രവർത്തനത്തിന്റെ ഏറ്റവും നല്ല പ്രകാശനവും".

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നമ്മുടെ ജീവിതം മൂല്യമുള്ളതായിത്തീരുന്നത് സഭയിലൂടെ നാം കണ്ടുമുട്ടിയ ഈശോയെ മറ്റുള്ളവർക്കായി കൊടുക്കുമ്പോളാണ്. ഒരു വിശ്വാസി എന്ന നിലയിൽ സഭയിലൂടെയാണ് നാം വളരേണ്ടത്. ശ്ലീഹന്മാരാൽ അടിത്തറയിട്ട സഭ വളർച്ചയുടെ ഓരോ പാതയിലും, പീഡനങ്ങളിൽപോലും ഉറച്ചുനിന്നു. സഭയെ പീഡിപ്പിക്കുകയും സഭാപ്രവർത്തനങ്ങളെ എതിർക്കുകയും ചെയ്യുന്നവർ ഇന്നുമുണ്ട്. മണിപ്പൂരിൽ പീഡനങ്ങൾക്ക് ഇടയായി കിടപ്പാടംപോലും നഷ്ടപ്പെട്ട് വനാന്തരങ്ങളിൽ അഭയം തേടിയവർ അവിടെയായിരുന്നുകൊണ്ടും ദൈവത്തെ സ്തുതിക്കുന്നതിന്റെ വീഡിയോ കാണുവാനിടയായി. വേണ്ടിവന്നാൽ മരിക്കാൻപോലും ഭയക്കേണ്ടതില്ല എന്ന് മക്കളെ പഠിപ്പിക്കുന്ന മാതാപിതാക്കൾ ഇന്ന് ഉയർന്നുവരേണ്ടിയിരിക്കുന്നു. അലോഖ എന്ന പെൺകുട്ടി സഭയോടൊപ്പം നിന്ന് പ്രതികരിക്കാൻ തയ്യാറായപ്പോൾ ഒരുകൂട്ടം ആളുകൾ അവളെയും അവളുടെ മാതാപിതാക്കളെയും ഒരുപാടു വിഷമങ്ങളിലൂടെ കടത്തിവിട്ടു. എന്നിട്ടും ആ മാതാപിതാക്കൾ അവൾക്കു നൽകിയ ശക്തി മരണത്തെയും ഭയപ്പെടേണ്ടതില്ല എന്നതായിരുന്നു. സാഹചര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും ഈശോയ്ക്ക് സാക്ഷികളായിത്തീരുക എന്നതാണ് ഒരു ക്രിസ്ത്യാനിയുടെ ദൗത്യം. പരസ്പരം നന്മചെയ്തും പ്രോത്സാഹിപ്പിച്ചും നമുക്കും ഈശോയുടെ യഥാർത്ഥ സാക്ഷികളായിത്തീരാം. സന്യാസിയുടെ കഥയിൽ നാം കാണുന്നപോലെ അറിവോ കഴിവോകൊണ്ട് നാം എത്ര ഉന്നതങ്ങളിൽ എത്തിയാലും കണ്ടുമുട്ടുന്നവനെ സഹോദരനായി കാണാൻ കഴിയാത്തിടത്തോളം ഒരുവനും യഥാർത്ഥ മനുഷ്യനാകുന്നില്ല. വളർന്നു ഫലം പുറപ്പെടുവിക്കുന്ന സഭയെ അനുസ്മരിക്കുന്ന കൈത്താക്കാലത്തിൽ നമുക്കും സഭയോടൊപ്പം നിന്ന് ഫലം പുറപ്പെടുവിക്കുന്നവരാകാം.



# കൈത്താക്കാലം: അർത്ഥപൂർണ്ണമായ വിളവെടുപ്പിന്റെ സമയം

**റവ. ഫാ. സോണി പള്ളിച്ചിറയിൽ**
**ചങ്ങനാശ്ശേരി അതിരൂപത**

വരുവാനിരിക്കുന്നവയിലുള്ള വിശ്വാസവും പ്രത്യാശയും നവീകരിച്ചുറപ്പിക്കുകയും രക്ഷണീയകർമ്മത്തിലെ കഴിഞ്ഞുപോയ കാര്യങ്ങളെ അനുസ്മരിക്കുകയും ചെയ്യുന്ന ആരാധനാവത്സരത്തിലെ പുതിയ ഒരു കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ഏതെങ്കിലും ഒരു പ്രത്യേക തിരുനാളിനോടോ സഭാസംബന്ധമായ വസ്തുതയോടോ ബന്ധിച്ച് നിലകൊള്ളാത്ത, എന്നാൽ ശ്ലീഹാക്കാലത്തിന്റെ തുടർച്ചയായി നിലകൊള്ളുന്ന കാലമാണ് കൈത്താക്കാലം.

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് കൈത്താക്കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകളുടെ ദൈർഘ്യമാണ് ഈ കാലത്തിനുള്ളത്. 'കൈത്താ' എന്ന സുറിയാനി പദത്തിന് 'വേനൽ' എന്നാണ് അർത്ഥം. ശ്ലീഹാക്കാലത്തിൽ ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ സഭ വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതാണ് ഈ കാലത്തിലെ വിചിന്തനവിഷയം. വിളവെടുപ്പും ഫലശേഖരണവും നടത്തുന്നത് വേനൽക്കാലത്തായതിനാൽ 'വേനൽ' എന്ന പദത്തിന് കൂടുതൽ അർത്ഥഭംഗി കൈവരുന്നു.

പന്ത്രണ്ട് ശ്ലീഹന്മാരുടെ തിരുനാൾ ആയി ആഘോഷിക്കുന്ന കൈത്താക്കാലത്തിന്റെ ആദ്യ ഞായറാഴ്ച 'നൂസർദേൽ' എന്ന പേരിലും അറിയപ്പെടുന്നു. 'ദൈവത്തിന്റേതായ പുതു വത്സരദിനം' എന്നാണ് ഈ പേർഷ്യൻ വാക്കിന്റെ അർത്ഥമെന്ന് പണ്ഡിതമതം. സ്വന്തം ചുടു നിണത്താൽ സഭയാകുന്ന വൃക്ഷത്തെ നനച്ചുവളർത്തുകയും സധൈര്യം മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുകയും ചെയ്ത വിശുദ്ധരെയും രക്തസാക്ഷികളെയും ഈ കാലത്തിലെ വെള്ളിയാഴ്ച കളിൽ പ്രത്യേകമായി അനുസ്മരിക്കുന്നു. ഒന്നാമത്തെയും രണ്ടാമത്തെയും വെള്ളിയാഴ്ചക ളിൽ യഥാക്രമം നിസിബിസിലെ വി. യാക്കോബിനെയും, മാർ അദ്ദായിയുടെ ശിഷ്യൻ മാറി യെയും അനുസ്മരിക്കുമ്പോൾ അഞ്ച്, ആറ് വെള്ളിയാഴ്ചകളിൽ വി. ശ്മോനിയെയും ഏഴുമ ക്കളെയും, വി. ശിമയോൻ ബർസബായെയും സഹരക്തസാക്ഷികളെയും ഈ കാലത്തിൽ അനുസ്മരിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ രൂപാന്തരീകരണത്തിരുനാളും പരി ശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളും ഈ കാലത്താണ് ആഘോഷിക്കപ്പെടു ന്നത്.

സ്വർഗമാകുന്ന കാനാൻദേശത്തേക്കുള്ള സഭയുടെ തീർത്ഥാടനമാണ് കൈത്താക്കാല ത്തിന്റെ പ്രമേയം. കർത്താവിന്റെ കല്പനയനുസരിച്ച് ദൈവരാജ്യത്തിന്റെ സന്ദേശം ലോകത്തെ അറിയിച്ചുകൊണ്ട് സഭ നടത്തുന്ന ഈ യാത്ര സഭാമക്കളുടെ അനുദിനജീവിതത്തിന്റെ പ്രതിഫ ലനമാകണം. മിശിഹാകേന്ദ്രീകൃതമായ സഭയുടെ ഈ തീർത്ഥാടകസ്വഭാവമാണ് ദൈവാരാധ നയിൽ കിഴക്കിനഭിമുഖമായി നിലകൊള്ളുന്ന ആരാധനാസമൂഹം പ്രതീകാത്മകമായി ദ്യോതി പ്പിക്കുന്നത്. ഈ കാലത്തിലെ വിശുദ്ധഗ്രന്ഥവായനകളെല്ലാം തന്നെ ഫലംചൂടി നില്ക്കുന്ന തീർത്ഥാടകസഭയെ വെളിപ്പെടുത്തുന്നതാണ്.

കർത്താവിന്റെ പ്രത്യാഗമനത്തെ ലക്ഷ്യംവച്ച് സഭ യാത്ര ചെയ്യുകയാണ്. വാഗ്ദാനദേ ശത്തേക്ക് ഇസ്രായേൽക്കാർ നടത്തിയ യാത്രയെ പുതിയ ഇസ്രായേലായ സഭ അനുസ്മരിക്കു ന്നു. പഴയ ഇസ്രായേലിന്റെ അവിശ്വസ്തതയും വീഴ്ചകളുമൊക്കെ സഭയുടെ യാത്രയിലും സംഭവിച്ചുപോകുന്നതിനെ ഓർത്ത് അനുതപിക്കുകയും വിനയപൂർവ്വം ദൈവത്തോട് മാപ്പപേ ക്ഷിക്കുകയും ചെയ്യുന്ന കാലമാണ് കൈത്താ. ലോകാവസാനത്തെയും അന്ത്യവിധിയെയും അനുസ്മരിച്ച് അതിനായി ഒരുങ്ങാനും ഈ കാലം നമ്മെ ആഹ്വാനം ചെയ്യുന്നു (മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത).

ലോകത്തിൽ ഈശോയ്ക്കു സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ് സഭ യുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം. സഭയുടെ വിശ്വസ്തസന്താനങ്ങളായ ശ്ലീഹ ന്മാരും രക്തസാക്ഷികളും കാട്ടിത്തന്ന ജീവിതമാതൃക സമകാലികലോകത്ത് നമുക്ക് വെല്ലു വിളി ഉയർത്തുന്നു. നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ സഭയുടെ മുഖം പ്രസന്നതയോടെ ശോഭി ക്കുവാൻ ആഴമേറിയ വിശ്വാസബോധ്യങ്ങളിൽ അടിയുറച്ച നമ്മുടെ ജീവിതം കാരണമാകണം. ലോകത്തിന്റെ ഏതെങ്കിലും കോണിൽ സഭയാകുന്ന അമ്മ പീഡനം ഏല്ക്കുമ്പോൾ പീഡിത സഭയോട് പക്ഷംചേരാനും ആത്മീയമായും ഭൗതികമായും തോളോടുതോൾ ചേർന്നു നില്ക്കാനും കഴിയണം. സംവിധാനങ്ങളുടെയും സ്ഥാപനവത്ക്കരണത്തിന്റെയും അതിപ്രസ രത്തിൽനിന്നും സഭാഗാത്രത്തെ വിടുവിച്ച് മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി സമൂലപരിവർത്തനം സാധ്യമാക്കുന്ന സഭയെ സ്വപ്നം കാണാം. പ്രതിസന്ധികളുടെ നടുവിൽ ദൈവത്തിൽ ആശ്രയിച്ച ആദിമക്രൈസ്തവസഭാസമൂഹം ഈ കാലഘട്ടത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ നമുക്ക് മാതൃകയും പ്രചോദനവുമാകട്ടെ.



# ആരാണ് യഥാർത്ഥ ഉടമസ്ഥൻ?

**റെനി പുത്തേട്ട്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഇ**ന്നത്തെ നമ്മുടെ സമൂഹത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ കാണുന്ന പലതും നമ്മെ അമ്പരിപ്പിക്കുന്നതും നമുക്ക് ഉത്തരം കണ്ടെത്താൻ സാധിക്കാത്തതുമായ സംഗതികളാണ്. ഓരോ ദിവസവും നാം കാണുന്നതും കേൾക്കുന്നതും ഒരിക്കലും പ്രതീക്ഷിക്കാത്തതും, എന്തുകൊണ്ട് ഇങ്ങനെയൊക്കെ സംഭവിക്കുന്നു എന്ന് നമ്മോടുതന്നെ ചോദിച്ചുപോകുന്നതുമായ അസ്വസ്ഥതപ്പെടുത്തുന്ന ജീവിതാനുഭവങ്ങൾ അല്ലേ? വിവാഹം, കുടുംബജീവിതം, മക്കൾ ഇതൊക്കെ ലോകത്തിലെ സാധാരണ നടത്തിപ്പുകളല്ലേ? ഇവിടെയൊക്കെ ദൈവത്തിനും ദൈവത്തിന്റെ കൃപയ്ക്കും എന്ത് സ്ഥാനം എന്നു പെട്ടെന്ന് ചിന്തിച്ചേക്കാം. എന്നാൽ അല്പം ആഴത്തിൽ ചിന്തിക്കുമ്പോൾ ഒരു കാര്യം മനസ്സിലാകും. സ്വന്തം ശക്തിയിൽ ആശ്രയിച്ച് ചെയ്യാവുന്നവയ്ക്കൊക്കെ ഒരു പരിധിയുണ്ട്.

കൗൺസിലിംഗ് നടത്താനായി മാതാപിതാക്കൾ കൊണ്ടുവന്നിട്ടുള്ള കൗമാരക്കാരുടെ ചില പ്രശ്നങ്ങൾ വിലയിരുത്തി നോക്കിയപ്പോൾ കണ്ടെത്തിയ ചില യാഥാർത്ഥ്യങ്ങൾ പങ്കുവ


യ്ക്കുന്നത് നല്ലതാണെന്നു തോന്നുന്നു. ഒരു ഗ്രാമത്തിന്റെ അന്തരീക്ഷത്തിൽ വളർന്ന് സാധാരണ സ്കൂളുകളിൽ വിദ്യാഭ്യാസം നേടി ടൗണിലേക്കു വന്ന് ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തു ജീവിക്കുന്ന കുടുംബങ്ങളെക്കുറിച്ചുള്ള ഒരു വിലയിരുത്തലാണ് ഇവിടെ നടത്തുന്നത്. ഇങ്ങനെയുള്ള ഈ മാതാപിതാക്കൾ പലപ്പോഴും മറക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. തങ്ങൾ വളർന്നുവന്ന ഗ്രാമത്തിന്റെ അന്തരീക്ഷത്തിൽ നിന്ന് ഏറെ വ്യത്യസ്ഥമായ ഒരു സാഹചര്യത്തിലാണ് ടൗണിൽത്തന്നെ ജനിച്ചുവളരുന്ന തങ്ങളുടെ മക്കൾ വളർന്നുവരുന്നത്. അവർ ഇടപെടുന്നതാവട്ടെ, പല സ്ഥലങ്ങളിൽനിന്നും വ്യത്യസ്ഥ സംസ്കാരങ്ങളിൽ നിന്നുമൊക്കെ നഗരത്തിൽ എത്തിയവരുടെ മക്കളോടും. ഈ മക്കളുടെ ചിന്തകളും കാഴ്ചപ്പാടുകളും വ്യക്തിപരമായ അറിവുകളും അനുഭവങ്ങളും മാതാപിതാക്കൾക്ക് അവരുടെ ബാല്യകൗമാര കാലങ്ങളിൽ ഉണ്ടായിരുന്നതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. എന്തുകൊണ്ടോ ഇന്ന് പല മാതാപിതാക്കൾക്കും ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാൻ സാധിച്ചിട്ടില്ല.

സ്ത്രീപുരുഷസമത്വമൊക്കെ ഉയർത്തിക്കാട്ടുന്ന ഈ സമൂഹത്തിൽ ആൺപെൺ വ്യത്യാസത്തെക്കുറിച്ച് (Gender difference) സംസാരിക്കുന്നവൻതന്നെ സംസ്കാരമില്ലാത്തവരും പഴഞ്ചൻചിന്താഗതിക്കാരുമാണെന്നു വിശ്വസിക്കുന്ന ആധുനിക തലമുറയിലെ നമ്മുടെ കൗമാരക്കാരോട്, എതിർലിംഗത്തിൽപ്പെട്ട ആരും നിനക്ക് കൂട്ടുകാരായി വേണ്ട, അവരോട് അത്യാവശ്യമൊക്കെ സംസാരിച്ചാൽ മതി, സോഷ്യൽ മീഡിയായിലൂടെയും മറ്റും അവരുമായുള്ള ഒരു ബന്ധവും പാടില്ല എന്നൊക്കെ വാശിപിടിക്കുന്ന ഏതാനും ചില മാതാപിതാക്കളെ ഇന്നും നാം കാണുന്നു. ഇവരിൽ പലരും സമൂഹത്തിൽ നല്ലൊരു വിലയും നിലയും ഉള്ളവരും ഉയർന്ന തലത്തിൽ ജോലിചെയ്യുന്നവരും ഒക്കെയാണ്.

മനഃശാസ്ത്രത്തിൽ നാം കാണുന്ന ഒരു യാഥാർത്ഥ്യമുണ്ട്. കൊച്ചുകുട്ടികളോട് ഒരു കാര്യം ചെയ്യരുത് എന്നു പറഞ്ഞാൽ അതു ചെയ്യുന്നതുവരെ അവർക്ക് സ്വസ്ഥത ഉണ്ടാവില്ല. ഈ തത്ത്വം കുട്ടി വളരുന്നതിനനുസരിച്ച് അവരിൽ പ്രവർത്തനനിരതമാണ്.

കൗമാരക്കാരായ നമ്മുടെ മക്കളോട് നമുക്കുണ്ടായിരിക്കേണ്ടത് ഒരു ആദരവിന്റെ മനോഭാവമായിരിക്കണം. അവരുടെ പ്രായത്തെയും ചിന്തകളെയും അഭിപ്രായങ്ങളെയും നാം മാനിക്കണം. തങ്ങൾ സ്വീകാര്യരാണെന്ന ബോധ്യം അവർക്ക് ഉണ്ടാകണം. അവരുടെ കഴിവുകളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മാതാപിതാക്കൾക്കുമാത്രമേ അവരുടെ കുറവുകളെ ചൂണ്ടിക്കാണിക്കാൻ അവകാശമുള്ളൂ എന്നതാണ് യാഥാർത്ഥ്യം. അങ്ങനെയായാൽ നാം കൊടുക്കുന്ന തിരുത്തലുകൾ സ്വീകരിക്കാനും അവർ തയ്യാറാകും. നമ്മുടെ കുട്ടികൾക്ക് സ്വന്തം വീട്ടിൽ സമാധാനമായി, സന്തോഷമായി ജീവിക്കാൻ അനുകൂലമായ ഒരു സാഹചര്യമാണുള്ളതെങ്കിൽ മാതാപിതാക്കൾ എന്ന നിലയിലുള്ള നമ്മുടെ ദൗത്യം വിജയകരമായി എന്നു തന്നെ.

ദൈവം ഏല്പിച്ച താലന്തുകളാണ് മക്കൾ എന്നും നാം അവരുടെ കാര്യസ്ഥന്മാർ മാത്രമാണെന്നും ദൈവമാണ് അവരുടെ യഥാർത്ഥ ഉടമസ്ഥൻ എന്നുമുള്ള യാഥാർത്ഥ്യം എന്ന് തിരിച്ചറിഞ്ഞു ജീവിക്കുന്നുവോ, അന്ന് നാമും നമ്മുടെ കുഞ്ഞുങ്ങളും സമാധാനവും സന്തോഷവും അനുഭവിക്കുന്നവരായി മാറും. ദൈവത്തിന്റെ മുമ്പിൽ നമ്മുടെ മക്കൾക്കായി, ലോകത്തിലെ മറ്റു മക്കൾക്കായി നമുക്കു കരങ്ങൾ ഉയർത്താം. ഇരുകരങ്ങളും നീട്ടി ദൈവമേ കൃപ തരണേ, ജ്ഞാനം ഒഴുക്കണേ, വിശ്വാസം വർദ്ധിപ്പിക്കണേ, വിശുദ്ധിയാൽ നിറയ്ക്കണമേ, വിനയത്തിൽ വളർത്തണമേ എന്ന് പ്രാർത്ഥിക്കാം.




**അങ്ങേയ്ക്ക് സ്തുതി - 4**

# പരിസ്ഥിതിസംരക്ഷണം

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**2. ജലത്തിന്റെ പ്രശ്നം**

നമ്മുടെ പൊതുഭവനത്തിന്റെ തളർച്ചയ്ക്കു കാരണമാകുന്ന രണ്ടാമത്തെ ഘടകമായി ഫ്രാൻസിസ് പാപ്പ അവതരിപ്പിച്ചിരിക്കുന്നത് 'ജലപ്രശ്നം' ആണ് (22-31). മനുഷ്യജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പ്രാഥമിക പ്രാധാന്യമുള്ള വിഷയമാണ് ശുദ്ധമായ കുടിവെള്ളം. ആരോഗ്യരക്ഷയ്ക്കും കൃഷിക്കും വ്യവസായത്തിനുമെല്ലാം ശുദ്ധജലസ്രോതസ്സുകൾ ആവശ്യമാണ്. എന്നാൽ ധാരാളം സ്ഥലങ്ങളിൽ ജലത്തിന്റെ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. കാർഷികോത്പാദനത്തെ ഗുരുതരമായി ബാധിക്കുന്ന വരൾച്ചകൾ അനുഭവിക്കുന്നവരും ഗുണനിലവാരമില്ലാത്ത ജലത്തിന്റെ പ്രശ്നം നേരിടുന്നവരും ജലജന്യരോഗങ്ങളുടെ വ്യാപനത്തിൽ ആരോഗ്യപ്രശ്നങ്ങളും അനുബന്ധ യാതനകളും സഹിക്കുന്നവരും പലയിടങ്ങളിലുമുണ്ട്. കൂടാതെ ഭൂഗർഭജലസ്രോതസ്സുകൾ പല സ്ഥലങ്ങളിലും ഭീഷണി നേരിടുന്നുണ്ട്. വ്യവസായമാലിന്യങ്ങളും ഡിറ്റർജന്റുകളും രാസോല്പന്നങ്ങളും മറ്റുംവഴി രൂപപ്പെടുന്ന മാലിന്യങ്ങളും നദികളിലേക്ക് പുറന്തള്ളപ്പെടുന്നതുവഴി ജലം ഗുണനിലവാരമില്ലാത്തതും രോഗകാരണവുമാകുന്നു.

ജലത്തെ ഒരു വില്പനച്ചരക്കാക്കി മാറ്റി സ്വകാര്യവത്കരിക്കാനുള്ള പ്രവണത അധികമായി ഇന്നു കാണുന്നുണ്ട്. ജലം മനുഷ്യന്റെ നിലനില്പിന് അനുപേക്ഷണീയമാണ്. മനുഷ്യാവകാശങ്ങളുടെ വിനിയോഗത്തിനുള്ള ഒരു ഉപാധിയാണിത്. അക്കാരണത്താൽ സുരക്ഷിതമായ കുടിവെള്ളത്തിനുള്ള അഭിഗമ്യത അടിസ്ഥാനപരവും സാർവത്രികവുമായ ഒരു മനുഷ്യാവകാശമാണ് എന്ന വസ്തുത മാർപാപ്പ ശക്തമായി പ്രസ്താവിക്കുന്നു. കുടിവെള്ളം ലഭ്യമല്ലാത്ത ദരിദ്രരോട് ലോകത്തിന് ഗൗരവതരമായ സാമൂഹിക കടപ്പാടുണ്ട്. ജലം അവർക്കു ലഭ്യമാക്കുന്നില്ലെങ്കിൽ 'മനുഷ്യമഹത്ത്വത്തിനു' യോജിച്ച ജീവിതം നയിക്കാനുള്ള അവരുടെ അവകാശത്തെ നാം നിഷേധിക്കുകയും നിരാകരിക്കുകയുമാണ്.

ജലം ഒരിക്കലും പാഴാക്കാൻ പാടില്ല.ജലദൗർലഭ്യം ഭക്ഷണത്തിന്റെയും ഇതര വസ്തുക്കളുടെയും വിലക്കയറ്റത്തിലേക്കു നയിക്കും. ഈ സാഹചര്യത്തിൽ ജലത്തിന്റെ സംരക്ഷണത്തിൽ എല്ലാവരും ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. തീവ്രമായ ജലദൗർലഭ്യം ഉണ്ടാകാനുള്ള സാഹചര്യത്തെ മുന്നിൽകണ്ട് അടിയന്തര നടപടികൾ കൈക്കൊള്ളണം. അല്ലാത്തപക്ഷം വലിയ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാകാനിടയുണ്ട്.

**3. ജൈവവൈവിധ്യത്തിന്റെ നഷ്ടം (32-42)**

ഭൂമിയിലെ വിഭവങ്ങൾ പല തരത്തിൽ ഇന്ന് കൊള്ളയടിക്കപ്പെടുന്നുണ്ട്. വനനശീകരണംകൊണ്ട് ധാരാളം ജീവികളുടെ നാശം സംഭവിക്കുന്നു. വ്യത്യസ്തജീവികൾക്ക് അതിൽത്തന്നെ മൂല്യമുണ്ടെന്ന വസ്തുത കണ്ടില്ലെന്നു നടിച്ചുകൊണ്ടും, അവ ചൂഷണം ചെയ്യപ്പെടാനുള്ള വിഭവങ്ങൾ മാത്രമാണെന്നു ചിന്തിച്ചുകൊണ്ടും പ്രവർത്തിക്കുന്നത് അപകടകരമാണ്. ബഹുഭൂരിപക്ഷത്തിനും വംശനാശം സംഭവിക്കുന്നത് മനുഷ്യന്റെ അശ്രദ്ധമായ പ്രവർത്തനങ്ങൾമൂലമാണ്.



തങ്ങളുടെ അസ്തിത്വംകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്താനുള്ള അവയുടെ അവകാശത്തെ മനുഷ്യൻ ഹനിക്കുകയാണ്.

ദൃശ്യമായ പക്ഷിമൃഗാദികളുടെ വംശനാശവും, അദൃശ്യമായ സൂക്ഷ്മജീവികളുടെയും ഇതരജന്തുക്കളുടെയും അപ്രത്യക്ഷമാകലും പാരിസ്ഥിതിക വ്യവസ്ഥകളുടെ ശരിയായ പ്രവർത്തനം നടക്കാതെ പോകാൻ കാരണമാകുന്നു. ഇവ പരിഹരിക്കാനുള്ള മനുഷ്യഇടപെടലുകൾ നടത്തേണ്ടതുണ്ട്. മനുഷ്യനിർമ്മിതപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുവാൻ സമർപ്പിതരായിരിക്കുന്ന ശാസ്ത്രജ്ഞരുടെ പരിശ്രമത്തിന് നാം സഹകരിക്കണം. ബിസിനസ് താല്പര്യങ്ങൾ നിറഞ്ഞ മനുഷ്യഇടപെടൽ ഭൂമിയെ വളരെ നിറംമങ്ങിയതാക്കുന്നുണ്ട്. പാരിസ്ഥിതിക വ്യവസ്ഥയ്ക്കുവേണ്ടിയുള്ള കരുതൽ ദീർഘവീക്ഷണം ആവശ്യപ്പെടുന്നു. പാരിസ്ഥിതിക ആഘാതങ്ങളെക്കുറിച്ച് വിലയിരുത്തുന്നതോടൊപ്പം, ജൈവവൈവിധ്യങ്ങളിന്മേലുള്ള ആഘാതങ്ങളെക്കുറിച്ചും പഠനം നടത്തുകയും പരിഹാരമാർഗങ്ങൾ തേടുകയും വേണം.

പ്രാദേശികമോ അന്തർദ്ദേശീയമോ ആയ വ്യാജതാല്പര്യങ്ങൾക്കു കീഴടങ്ങാതെ സ്വന്തം രാജ്യത്തിന്റെ പരിസ്ഥിതിയും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഓരോ സർക്കാരും വഹിക്കണം. നദീതടങ്ങൾ, ഹിമവാഹിനികൾ, കന്യാവനങ്ങൾ, ചതുപ്പുനിലങ്ങൾ, സമുദ്രങ്ങൾ, തടാകങ്ങൾ, ജലജീവികൾ തുടങ്ങിയവയൊക്കെ വനനശീകരണവും ഏകവിളകൃഷിയും വ്യവസായമാലിന്യങ്ങളും നാശകരമായ മത്സ്യബന്ധനരീതികളും വഴിയായി നശിക്കാനിടയാകുന്നുണ്ട്. ഇത്തരത്തിലുള്ള സാഹചര്യത്തിൽ, പാരിസ്ഥിതിക വ്യവസ്ഥകളുടെ പ്രവർത്തനം കൂടുതൽ പൂർണമായി മനസ്സിലാക്കുന്നതിനും ശ്രദ്ധേയമായ പരിഷ്കരണം നടത്തുന്നതിനും വേണ്ടത്ര അപഗ്രഥനം നടത്തുന്നതിനും കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. ഈ പൊതുഭവനമായ പ്രകൃതിയെക്കുറിച്ച് പ്രത്യേക കരുതലുണ്ടാവുകയും വേണ്ടത്ര സംരക്ഷണം കൊടുക്കുകയും ചെയ്യണം.

# സ്വർഗരാജ്ഞി



വരപ്രസാദപൂർണയായ മറിയമെത്ര ഭാഗ്യവതി
വരനിരതന്നുടയവൻ അന്നവളിൽനിന്നും ജാതനായ്
വചനം മാംസരൂപമാകാൻ ഉദരഗേഹമായതിൽ
വചനദൂതുപോലെ റൂഹാ വന്നിറങ്ങി ശക്തിയായ്

കർതൃദാസി ഞാനിതാ നിന്നിഷ്ടമെന്നിൽ നിറവേറിടാൻ
കരതലത്തിലേകിടുന്നു; പൂർണമായി നിത്യമായ്
കൃപയതിന്റെ കാവലായ് താതചിത്തം പൂർണമായ്
കരുതലോടെ കാത്തു ദൈവപ്രീതിയിൽ നിലനിന്നവൾ

അമ്മയെന്ന നാമം എത്ര ധന്യമെന്നറിഞ്ഞെന്നും
അമ്മനുവേലായ പുത്രനിമ്പമുള്ള തായയായ്
ആദിമുതൽ അന്ത്യനാളതെത്തുവോളം ചാരെയായ്
ആശയോടെ കാവലായി കാൽവരിയാഗത്തിലും

പുത്രനായി കണ്ടു ഭൂവിൽ കാത്തുപാലിച്ചവൾ
പിതൃഭവനം പാർത്തു കാത്തനാളതിൽ സുതൻ
ദേഹിദേഹമോടെ സ്വർഗദൂതരൊപ്പം ദ്യോവിലേ-
ക്കാരോപണമതേകി താതസന്നിധിയിൽ ചേർത്തല്ലോ

മൂന്നുലോകരാജ്ഞിയായി മുടി ചൂടിച്ചുത്സവ
മഹിമയേറെ ഏകി സ്വർഗവാനദൂതഗേഹത്തിൽ
ലോകനാഥയായി ശാന്തി-സൗഖ്യമെങ്ങും പുലരുവാൻ
ഭൂതലത്തിൻ സാരഥിയായ് മാറ്റി താതൻ അമ്മയെ

ഭാരതാംബേ, നിൻ പവിത്ര കർമ്മഭൂമിയെപ്പോഴും
സ്നേഹമതിൻ ഗീതമേറ്റു പാടിയൊന്നായ് നീങ്ങണം
വാക്കിലേറെ ഹൃദ്യമായ സ്വതന്ത്രഭാരതമെപ്പോഴും
വാക്കുകൊണ്ടടിച്ചമർത്തി പാരതന്ത്ര്യമേകുന്നു

ഭീകരപ്രവർത്തനങ്ങളേറിടുന്നീ ഭൂതലേ
തൊട്ടടുത്ത നിമിഷമെന്തും വന്നുചേർന്നിടും ദ്രുതം
പോരിനാൽ വലിച്ചുകീറും യുദ്ധഭൂമിപോലവേ
ഭാരതാംബേ നിന്റെ മക്കൾ ഉഴറിടുന്നു ഭീതിയാൽ

പേരിനുപോലുമില്ല ശാന്തി-സമത്വചിന്ത ദൂരെയായ്
പോർക്കളംപോൽ രുധിരമെങ്ങും ഇടമുറിയാതൊഴുകുന്നു
സ്നേഹശാന്തിസാന്ത്വനവും മന്നിതിൽ നിറഞ്ഞിടാൻ
ദൈവമാതേ, കന്യകാംബേ പ്രാർത്ഥനയിന്നേകണേ

കരുണയേറെ പകരുമമ്മേ കനിവിയന്ന മാതാവേ
സ്വർഗരാജ്യം നേടുവാനായ് പുത്രനോടപേക്ഷിക്ക
ഭാരതാംബേ നിന്റെ മക്കൾ സോദരരായ് മേവിടാൻ
പ്രാർത്ഥനകളേകിടുന്നു, ആശയോടെ കേഴുന്നു.

**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

# അപ്പസ്തോലിക് ഒബ്ലേറ്റ്സിന് അഭിമാനമുഹൂർത്തം

*"കർത്താവായ ദൈവമാണ് എന്റെ ബലം. കലമാന്റെ പാദങ്ങൾക്കെന്നപോലെ അവിടുന്ന് എന്റെ പാദങ്ങൾക്ക് വേഗത നല്കി. ഉന്നതങ്ങളിൽ അവിടുന്ന് എന്നെ നടത്തുന്നു"* (ഹബ 3,19).

2021–22 അധ്യയനവർഷത്തിലെ സംസ്ഥാന അദ്ധ്യാപക അവാർഡു പ്രഖ്യാപനം അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന് അഭിമാന മുഹൂർത്തമായി. ജൂൺ 15 ന് സ്ഥാപകനായ ദൈവദാസൻ വില്യം ജകചീന്താ പിതാവിന്റെ സ്വർഗപ്രവേശനത്തിന്റെ വാർഷികാഘോഷത്തിനു മാറ്റുകൂട്ടുവാൻ സ്വർഗം നല്കിയ സമ്മാനമായിരുന്നു അപ്പസ്തോലിക് ഒബ്ലേറ്റ്സ് സമർപ്പിതാംഗമായ ജിജി പുല്ലത്തിലിന് സെക്കന്ററി വിഭാഗത്തിൽ ലഭിച്ച മികച്ച അദ്ധ്യാപികയ്ക്കുള്ള സംസ്ഥാന അവാർഡ്. സംസ്ഥാന അവാർഡു നിർണയത്തിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ചുള്ള എല്ലാ കടമ്പകളും കടന്ന് മുൻനിരയിലെത്തിയ അഞ്ചു പേരിലൊരാളും ഏക സമർപ്പിതയുമാണ് ഞങ്ങളുടെ ജിജി എന്നതിൽ ഈ സമർപ്പിതസമൂഹം സന്തോഷിക്കുകയും ദൈവതിരുമുമ്പിൽ കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു.

**പിന്നിട്ട വഴികൾ**

കോട്ടയം ജില്ലയിൽ അടിച്ചിറ പുല്ലത്തിൽ ശ്രീ. പി.വി. ചാക്കോയുടെയും ശ്രീമതി മേരി ചാക്കോയുടെയും ആറുമക്കളിൽ മൂത്ത മകൾ, മാന്നാനം കെ.ഇ. കോളേജിൽനിന്നും ബി.എസ്.സി. പഠനത്തിനുശേഷം 'എനിക്കു ദാഹിക്കുന്നു' (യോഹ 19,28) എന്ന ക്രൂശിതന്റെ ആത്മാക്കൾക്കായുള്ള ദാഹത്തിനു മറുപടികൊടുക്കുവാൻ ദൈവദാസൻ ബിഷപ് വില്യം ജകചീന്താ സ്ഥാപിച്ച അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിച്ചു. വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിയെ പ്രോത്സാഹിപ്പിക്കുക, മനുഷ്യമനഃസാക്ഷിയെ വിശുദ്ധിയിൽ രൂപീകരിക്കുക, സഭയോടു ചേർന്ന് വിശുദ്ധമായ ലോകത്തെ പടുത്തുയർത്തുക എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി രൂപംകൊണ്ട അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം പൂർത്തിയാക്കി 1990 ൽ മാങ്ങാനത്തുള്ള സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് പ്രഥമവ്രതവാഗ്ദാനം നടത്തി. തുടർന്ന് കോട്ടയം മൗണ്ട് കാർമ്മൽ ബി.എഡ്. കോളേജിൽനിന്നും പഠനം പൂർത്തിയാക്കി പതിമൂന്നിൽപരം സ്കൂളുകളിൽ ആയിരക്കണക്കിനു വിദ്യാർത്ഥികൾക്ക് സ്നേഹമയിയായ അദ്ധ്യാപികയായി മാറി. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു (റോമാ 8,28) എന്ന വചനത്തിൽ അടിസ്ഥാനമിട്ടുകൊണ്ട് 1994 മുതൽ എണ്ണമറ്റ വേദികളിൽ വിവിധ പ്രായപരിധികളിലും ജീവിതാന്തസുകളിലുംപെട്ടവർക്ക് വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ബോധവൽക്കരണ സെമിനാറുകളും ധ്യാനങ്ങളും നൽകിവരുന്നു. 'മിഴി തുറക്കാൻ', 'സുകൃതസരണിയിലെ മൺചിരാതുകൾ', 'വിശുദ്ധമീ സൗഹൃദം' എന്നീ പുസ്തകങ്ങളുടെ രചയിതാവായ ജിജി പുല്ലത്തിൽ വ്യത്യസ്ത വിഷയങ്ങൾ ആസ്പദമാക്കി നിരവധിലേഖനങ്ങൾ തയ്യാറാക്കിയിട്ടുള്ള നലംതികഞ്ഞ ഒരു എഴുത്തുകാരികൂടിയാണ്.

2008 മുതൽ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് സ്കൂളിൽ അദ്ധ്യാപികയായി ശുശ്രൂഷ ചെയ്തുവന്ന ജിജിയുടെ പ്രവർത്തനങ്ങൾവഴി ദേശീയ-സംസ്ഥാനതലങ്ങളിൽ സ്കൂളിനും കുട്ടികൾക്കും നിരവധി അവാർഡുകൾ കരസ്ഥമാക്കാൻ സാധിച്ചു. 2012–13 അധ്യയനവർഷത്തിൽ 'ലഹരിവിരുദ്ധ ക്ലബ്' കൺവീനറായി പ്രവർത്തിച്ച് 'മാനിഷാദ' എന്ന ലഹരിവിരുദ്ധ സംഗീതനൃത്തശില്പത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചു. ഇതിലൂടെ സ്കൂളിന് രണ്ടര

ലക്ഷത്തിന്റെ ക്യാഷ് അവാർഡ് ലഭിച്ചു. ജിജി രചിച്ച 7 ശാസ്ത്രനാടകങ്ങൾ ജില്ലാ-സംസ്ഥാന തലങ്ങളിൽ പുരസ്കാരങ്ങൾ കരസ്ഥമാക്കി. ബാലശാസ്ത്ര-ജൈവവൈവിധ്യകോൺഗ്രസിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രോജക്ടു ഗൈഡായി പ്രവർത്തിച്ച് സംസ്ഥാന-ദേശീയതലത്തിൽ കുട്ടികൾക്ക് ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ സഹായിച്ചു. 2019 ൽ ജിജി രചിച്ച 'ക്ഷിതിവൃത്തം' എന്ന ശാസ്ത്രനാടകത്തിന് കോട്ടയം റവന്യൂ ജില്ലയിൽ ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ എട്ടു കുട്ടികൾക്ക് എ ഗ്രേഡും ലഭിച്ചു. 2019 ൽ വണ്ടർലാ ഏർപ്പെടുത്തിയ കേരള-തമിഴ്നാട് മികച്ച പരിസ്ഥിതി പ്രവർത്തകയ്ക്കു ലഭിച്ച 2000 രൂപയുടെ അവാർഡ് സ്കൂളിനു നല്കി. 2019 ജനുവരിയിൽ ജിജി നേതൃത്വം നല്കുന്ന 'ജീവൻ ജൈവവൈവിധ്യ' പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് മൂവാറ്റുപുഴ കാർമ്മൽ പ്രോവിൻസ് ഏർപ്പെടുത്തിയ 'ഗോ ഗ്രീൻ ബെസ്റ്റ് സ്കൂൾ' അവാർഡ് സ്കൂളിനു ലഭിച്ചു. ജിജി ഗ്രീൻ അംബാസിഡറായി തിരഞ്ഞെടുക്കപ്പെട്ടു. കോവിഡ് കാലത്ത് ജിജി പുല്ലത്തിലിന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് 'ബെസ്റ്റ് ടീച്ചർ കോർഡിനേറ്റർ' അവാർഡും സ്കൂളിന് 50000 രൂപയുടെ അവാർഡും ലഭിക്കുകയുണ്ടായി. 2019 ൽ എച്ച്.എസ്.സി. ഏർപ്പെടുത്തിയ 'ബെസ്റ്റ് ടീച്ചർ അവാർഡ്' മുൻ ഡി.ജി.പി.യായിരുന്ന ശ്രീ. ഋഷിരാജ് സിംഗിൽനിന്നും ജിജി സ്വീകരിച്ചു. 2019 ൽ കേരളത്തിൽനിന്നുള്ള മികച്ച പരിസ്ഥിതി പ്രവർത്തകയായി തിരഞ്ഞെടുക്കപ്പെട്ട് പോണ്ടിച്ചേരി ഗവർണർ ഹൗസിൽവച്ച് കിരൺ ബേദിയുമായി സംവദിച്ചു. 2019-20 അധ്യയനവർഷത്തിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കേരളാ ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ സംസ്ഥാന അവാർഡ് 25000 രൂപ സ്കൂളിനു ലഭിച്ചു. ജിജി മികച്ച ക്ലബ് കൺവീനറായി തിരഞ്ഞെടുക്കപ്പെട്ടു. 2019-20 അധ്യയനവർഷത്തിലെ പ്രവർത്തനമികവിന് കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റിന്റെ പുരസ്കാരം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പുളിക്കൽ പിതാവിൽനിന്നു സ്വീകരിച്ചു. പരിസ്ഥിതിപ്രവർത്തനങ്ങളോടൊപ്പം ജിജി പുല്ലത്തിൽ നേതൃത്വം നല്കുന്ന 'ജീവൻ പരിസ്ഥിതി ജൈവവൈവിധ്യ' പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി 2022-23 അധ്യയനവർഷത്തിൽ പി.റ്റി.എ. പ്രോഗ്രാം കോർഡിനേറ്ററായ ജിജി തയ്യാറാക്കിയ റിപ്പോർട്ട്



സ്കൂളിന് 65000 രൂപ നേടിക്കൊടുത്തു. ജിജിയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാരായവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ടിന് ദേശീയതലത്തിൽ എ ഗ്രേഡ് കരഗതമായി. അഹമ്മദാബാദിൽ വച്ചുനടന്ന ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ കേരളത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട മൂന്ന് അദ്ധ്യാപകരോടൊപ്പം ജിജി പങ്കെടുത്തു. സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസിലെ ഈ വർഷത്തെ സീനിയർ-ജൂണിയർ വിഭാഗം പ്രോജക്ട് ഗൈഡ് ജിജിയായിരുന്നു. ബെസ്റ്റ് ഐഡിയേറ്റർ, ബെസ്റ്റ് ക്രിയേറ്റീവ് ടീച്ചർ തുടങ്ങി പത്തൊമ്പതോളം അവാർഡുകൾ ജിജിക്കു ലഭിച്ചു. ഗുരുശ്രേഷ്ഠ പുരസ്കാരം, സുഗതകുമാരി പുരസ്കാരം, വൃക്ഷബന്ധു പുരസ്കാരം തുടങ്ങിയ നിരവധി അവാർഡുകൾ ഈ വർഷം ലഭിക്കുകയുണ്ടായി.

**വിശ്വാസസംരക്ഷണത്തിൽ ധീരതയോടെ**

അപ്പസ്തോലിക് ഒബ്ലേറ്റ്സ് സമൂഹം അഭിമാനത്തോടെ ഓർക്കുന്ന നിമിഷങ്ങളാണ് വിശ്വാസത്തിനും ധാർമ്മികതയ്ക്കുംവേണ്ടിയുള്ള ജിജിയുടെ പോരാട്ടങ്ങൾ. 2007 ഫെബ്രുവരി മാസത്തിൽ സർക്കാർ പുറത്തിറക്കിയ കൗമാര വിദ്യാഭ്യാസപദ്ധതിയിൽ കൗമാരമനസ്സുകളെ വ്യതിചലിപ്പിച്ച് ലൈംഗിക അരാജകത്വത്തിലേക്ക് തള്ളിവിടുന്ന പഠനപ്രവർത്തനങ്ങൾക്കെതിരായി പരിശീലനവേദിയിൽ ആദ്യമായി ശബ്ദമുയർത്തിയത് ജിജിയായിരുന്നു. ഇത്തരം പഠനപ്രവർത്തനങ്ങളെ ശക്തിയുക്തം എതിർത്ത ജിജി സഹഅദ്ധ്യാപകരെ ബോധവൽക്കരിക്കുകയും ചെയ്തു. അന്നത്തെ കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റ് മാനേജരായിരുന്ന ബഹു. ജോൺ വെട്ടുവയലിലച്ചനെ വിവരങ്ങൾ ധരിപ്പിക്കുകയും തുടർന്ന് സഭാതലത്തിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിരവധി ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിന്റെ ഫലമായി ഒരാഴ്ചയ്ക്കകം കൗമാരവിദ്യാഭ്യാസ പദ്ധതിക്കായുള്ള ആ പുസ്തകം സർക്കാർ പിൻവലിച്ചു. അതുപോലെ സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ് ഞായറാഴ്ച സംഘടിപ്പിച്ചപ്പോൾ സംസ്ഥാനമത്സരത്തിൽനിന്നു വിട്ടുനിന്നുകൊണ്ട് തന്റെ പ്രതിഷേധം രേഖപ്പെടുത്തുകയും തത്ഫലമായി കോഴിക്കോട്ടുവച്ചു നടന്ന സംസ്ഥാന ജൈവവൈവിധ്യ മത്സരം ജനുവരി രണ്ട് ചൊവ്വാഴ്ചയിലേക്ക് മാറ്റുകയും ചെയ്തത് മറക്കാനാവാത്ത വിശ്വാസസാക്ഷ്യമായിരുന്നു.

**അതിജീവനത്തിന്റെ പാഠങ്ങൾ**

തൊട്ടതെല്ലാം പൊന്നാക്കിമാറ്റുന്ന, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രിയങ്കരിയായ ജിജി തന്റെ സേവനമേഖലയിൽ നൂറുമേനി പൊന്നുവിളയിച്ചത് തന്റെ 'റെറ്റിനൈറ്റിസ് പിഗ്മെന്റോസ' എന്ന അപൂർവരോഗം വരുത്തിവച്ച 90% കാഴ്ചപരിമിതിയുടെ പരിമിതികളെ അതിജീവിച്ചുകൊണ്ടാണ്. രോഗത്തിന്റെ ആനുകൂല്യങ്ങളോ അവകാശങ്ങളോ യാതൊന്നും സ്വന്തമാക്കാതെ അത്യദ്ധ്വാനത്തിന്റെയും സമർപ്പണത്തിന്റെയും പാതയിലൂടെ വിജയസോപാനത്തിലേക്ക് ജിജി നടന്നടുക്കുകയായിരുന്നു. പരിമിതിയിൽനിന്ന് പരമാവധിയിലേക്ക് എന്ന സ്ഥാപകപിതാവിന്റെ ചിന്തകളെ അന്വർത്ഥമാക്കാൻ പരിശ്രമിച്ചുകൊണ്ട് ജിജി ഇപ്പോൾ മുണ്ടക്കയം സെന്റ് ജോസഫ് സെൻട്രൽ സ്കൂളിൽ തന്റെ സേവനം തുടരുകയാണ്. അതോടൊപ്പം ഈശോയ്ക്കായി തന്റെ ജീവിതം മാറ്റിവച്ച ജിജി അവധിദിനങ്ങളിൽ വചനപ്രഘോഷണത്തിനും മോട്ടിവേഷൻ ക്ലാസുകൾക്കും പി.ടി.എ. സെമിനാറുകൾക്കുമായി സമയം കണ്ടെത്തിക്കൊണ്ട് തന്റെ അപ്പസ്തോലിക അർപ്പണജീവിതം തുടരുന്നു. പരിമിതികളിൽ പതറാതെ ദൈവകരങ്ങളിൽ മുറുകെപ്പിടിച്ച് മുന്നേറുന്ന ജിജിയുടെ ജീവിതം പ്രതിബന്ധങ്ങൾക്കുമുമ്പിൽ പകച്ചുനില്ക്കുന്നവർക്ക് പ്രത്യാശയുടെ ഒരു ദൂതാണ്.

***ജിജീ, നീ ദൈവകരങ്ങളിലെ പൊൻതൂവലാണ്; ഞങ്ങൾക്കു നീ അമൂല്യനിധിയാണ്. ഇനിയും ഉയരങ്ങൾ കീഴടക്കാൻ നിനക്കാവട്ടെ. ആശംസകൾ...***

**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിലെ കൈത്താക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. 'കൈത്താ' എന്നത് സുറിയാനിവാക്കാണ്. 'വേനൽക്കാലം' എന്നാണർത്ഥം. വിളവെടുപ്പും ഫലശേഖരണവുമൊക്കെ നടത്തുന്ന കാലഘട്ടമാണിത്. ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനഫലമായി രൂപംകൊണ്ട ക്രിസ്തീയസമൂഹം വിശുദ്ധിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന സഭാസമൂഹമായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ പടർന്നു പന്തലിക്കുന്നതിനെ അനുസ്മരിക്കുന്ന ഈ കാലഘട്ടത്തിൽ ശരിയായ സഭാത്മകജീവിതം നയിക്കുവാൻ സഭാംഗങ്ങൾക്കു കഴിയണം. ശരിയായ രീതിയിൽ മിശിഹായിൽ വിശ്വസിക്കുന്നവരും പരസ്പരം സ്നേഹിക്കുന്നവരും, പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായി ആരാധിക്കുന്നവരും, യാമപ്രാർത്ഥനകളുടെ വെളിച്ചത്തിൽ പ്രാർത്ഥിക്കുന്നവരുമായി സഭാസമൂഹങ്ങളെ കെട്ടിപ്പടുക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,
മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ.

## സെനക്കിൾ വാർത്തകൾ

ആദ്യകാല അപ്പസ്തോലിക് സൊദാലെസ് അംഗവും ജനറൽ കൗൺസിൽ അംഗവുമായിരുന്ന, മാൾട്ടായിൽനിന്നുമുള്ള മോൺസിഞ്ഞോർ പാവുളോ കർദോണാ, 2023 ജൂൺ 21-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. 2023 ജൂൺ 27-ാം തീയതി, ഗോസ്സോ രൂപതയിലെ വി. മർഗരീത്തായുടെ നാമത്തിലുള്ള ഇടവകദൈവാലയത്തിൽ മൃതസംസ്കാരകർമ്മം നടന്നു. സ്ഥാപകപിതാവായ ദൈവദാസൻ വില്യം ജകചീന്താ പിതാവിനോടൊപ്പം സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിയമാവലി സഭയാൽ അംഗീകരിക്കപ്പെടാൻ സഹകരിക്കുകയും, ഇൻസ്റ്റിറ്റ്യൂട്ടിനു റോമിൽ നല്കപ്പെട്ട ദൈവാലയം നിർമ്മിക്കുകയും, രണ്ടു പ്രാവശ്യം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറാളായി ശുശ്രൂഷ ചെയ്യുകയും ചെയ്ത ബഹു. അച്ചനെ നമ്മുടെ പ്രാർത്ഥനയിൽ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.



# ജോനാഥൻ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഇസ്രായേലിന്റെ ആദ്യത്തെ രാജാവായ സാവൂളിന്റെയും അഹിനോവാമിന്റെയും മകനാണ് ജോനാഥൻ. 'ജോനാഥൻ' എന്ന പേരിന് 'ദൈവത്തിന്റെ ദാനം' എന്നാണർത്ഥം. അനുസരണയുള്ളവനും പിതാവിനെക്കാൾ നല്ലവനുമായിരുന്നു അവൻ. സൗഹൃദവും സമാധാനവും ജോനാഥന്റെ സ്വഭാവസവിശേഷതകളാണ്. ബലിഷ്ഠനും ധീരനുമായ അവൻ തന്റെ പിതാവിന്റെ പടയാളികളുടെ മുൻനിരയിൽ നിലകൊണ്ടിരുന്നു. ഒരിക്കൽ ഒരു ആയുധവാഹകനോടൊത്ത് ജോനാഥൻ ഫിലിസ്ത്യരുടെ പാളയത്തിൽ എത്തി. ഒരേക്കർ സ്ഥലത്തിനുള്ളിൽ ഇരുപതുപേരെ വധിച്ചു. അവന്റെ ഈ സാഹസികതയ്ക്ക് ആഴമായ ദൈവവിശ്വാസമാണ് ശക്തി പകർന്നത്. കാരണം അവൻ ആയുധവാഹകനോട് പറയുന്നത് ഇപ്രകാരമാണ്: "കർത്താവ് നമുക്കുവേണ്ടി പ്രവർത്തിക്കാതിരിക്കുമോ? ആള് ഏറിയാലും കുറഞ്ഞാലും കർത്താവിന് രക്ഷിക്കാൻ തടസ്സമില്ലല്ലോ" (1 സാമു 14,6).

സത്യസന്ധനും സദ്സ്വഭാവിയുമായ രാജപുത്രനെ നമുക്ക് ജോനാഥനിൽ കാണാം. യുദ്ധം ചെയ്ത് ക്ഷീണിച്ച അവൻ കാട്ടിൽവച്ച് തേൻ ഇറ്റിറ്റുവീഴുന്നത് കണ്ട്, തന്റെ വടിയുടെ അഗ്രം തേൻകട്ടയിൽ മുക്കി അത് ഭക്ഷിച്ചു. എന്നാൽ ശത്രുക്കളോടു പ്രതികാരംചെയ്യുവോളം സന്ധ്യയ്ക്കുമുമ്പേ ഭക്ഷണം കഴിക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ എന്ന് സാവൂൾ ജനങ്ങളെക്കൊണ്ട് ശപഥം ചെയ്തത് ജോനാഥൻ അറിഞ്ഞിരുന്നില്ല. വീണ്ടും യുദ്ധത്തിന് ഫിലിസ്ത്യരെ പിന്തുടരണമോ എന്ന് സാവൂൾ ദൈവത്തോടു ചോദിച്ചപ്പോൾ അവിടുന്നു മറുപടി നല്കാത്തത് രാജാവിനെ വിഷമസന്ധിയിലാഴ്ത്തി. അദ്ദേഹം ജനപ്രമാണികളെ വിളിച്ചുകൂട്ടി തെറ്റുകാർ ആരാണെന്നു കണ്ടെത്തുവാനും ദൈവത്തോടുള്ള ശപഥം നിറവേറ്റുവാനും തയ്യാറായി. ഉറീംകൊണ്ടും തുമ്മീംകൊണ്ടും യഥാർത്ഥ തെറ്റുകാരനെ കാണിക്കണമേയെന്ന് രാജാവ് അപേക്ഷിച്ചു. ജോനാഥൻ തെറ്റുകാരനായി കാണപ്പെട്ടു. അവൻ തന്റെ തെറ്റ് പിതാവിനോട് തുറന്നുപറഞ്ഞു: "എന്റെ കയ്യിലുണ്ടായിരുന്ന വടിയുടെ അഗ്രം മുക്കി അല്പം തേൻ ഞാൻ രുചിച്ചു. ഞാനിതാ മരിക്കാൻ തയ്യാറാണ്" (1 സാമു 14,43). രാജാവ് ജോനാഥനോടു കല്പിച്ചു: "നീ വധിക്കപ്പെടുന്നി

ല്ലെങ്കിൽ ദൈവം എന്നെ ശിക്ഷിക്കട്ടെ". എന്നാൽ ജനംമുഴുവൻ വിളിച്ചുപറഞ്ഞു: "ഇസ്രായേലിന് വൻവിജയം നേടിക്കൊടുത്ത ജോനാഥൻ മരിക്കണമെന്നോ? അത് പാടില്ല. കർത്താവാണേ സത്യം. അവന്റെ തലയിലെ ഒരു മുടിപോലും നിലത്തു വീണുകൂടാ. അവൻ ദൈവേഷ്ടമാണ് ഇന്ന് പ്രവർത്തിച്ചത്. അങ്ങനെ ജനം ജോനാഥൻ രക്ഷിച്ചു" (1 സാമു 14,45).

ദാവീദുമായുള്ള ജോനാഥന്റെ ആഴമുള്ള സ്നേഹബന്ധത്തിനു തുടക്കംകുറിച്ചത് ഫിലിസ്ത്യമല്ലനായ ഗോലിയാത്തിനെ ദാവീദ് കീഴടക്കിയതിന് ശേഷമാണ്. ഗോലിയാത്തിന്റെ തലയുമായി വന്ന ദാവീദിനോട് സാവൂൾ ചോദിച്ചു. നീ ആരുടെ മകനാണ്? തുടർന്ന് ദാവീദ് തന്റെ കുടുംബത്തെ പരിചയപ്പെടുത്തി. അവൻ ദാവീദിനോട് സംസാരിച്ചുകഴിഞ്ഞപ്പോൾ ജോനാഥന്റെ ഹൃദയം അവന്റെ ഹൃദയത്തോട് ഒട്ടിച്ചേർന്നു. അദ്ദേഹം ദാവീദിനെ പ്രണനുതുല്യം സ്നേഹിച്ചു. സാവൂൾ അവനെ പിതൃഭവനത്തിലേക്ക് തിരിച്ചയയ്ക്കാതെ അവിടെ താമസിപ്പിച്ചു എന്നത്രേ വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുക. ജോനാഥൻ തന്റെ സ്നേഹിതനായ ദാവീദുമായി ഒരു ഉടമ്പടി ഉണ്ടാക്കി. അവൻ തന്റെ മേലങ്കിയൂരി ദാവീദിനെ അണിയിച്ചു. തന്റെ പടച്ചട്ടയും വാളും വില്ലും അരക്കച്ചയും അവനു കൊടുത്തു. ഭാവിരാജാവിനെ ജോനാഥൻ ദാവീദിൽ കണ്ടു. മറ്റുള്ളവരിലെ നന്മ കണ്ടെത്താനും വിലമതിക്കാനും കഴിയുകയെന്നത് പ്രധാനപ്പെട്ട കാര്യം തന്നെ. ബാഹ്യമായ രാജകീയ വസ്ത്രവും ആയുധവും മാത്രമല്ല, തന്റെ ഹൃദയത്തിന്റെ മുഴുവൻ പങ്കുമാണ് ദാവീദിന് കൈമാറിയത്. സർവ്വസൈന്യാധിപനായിത്തീർന്ന ദാവീദ് സൈന്യത്തിന്റെയും ഇസ്രായേൽ ജനത്തിന്റെയും പ്രീതിയ്ക്കു പാത്രമായി. അത് ജോനാഥന്റെ പിതാവായ സാവൂളിൽ കടുത്ത അസൂയ ഉടലെടുക്കാൻ ഇടയാക്കി. സാവധാനം, സാവൂളിൽ ആവസിച്ച ദുരാത്മാവിൽനിന്ന് മോചനം ലഭിക്കാൻ കിന്നരവായനയിൽ നിപുണനായെത്തിയ യുവകോമളനായ ദാവീദിനെ രാജാവ് മറന്നു. മാത്രമല്ല മല്ലനെ മലർത്തിയ പരാക്രമിയായ യോദ്ധാവിനെ രാജാവ് കണ്ടില്ല എന്നു നടിക്കുന്നു.

ദാവീദിനെ കൊന്നുകളയണമെന്ന് സാവൂൾ ജോനാഥനോടും ഭൃത്യരോടും കല്പിച്ചു. എന്നാൽ ജോനാഥൻ ദാവീദിനെ വളരെയധികം സ്നേഹിച്ചിരുന്നതിനാൽ തന്റെ പിതാവിന്റെ പക്കൽനിന്ന് മാറി വയലിൽ ഒളിച്ചിരിക്കാൻ ദാവീദിനെ പറഞ്ഞുവിടുന്നു. അതിനുശേഷം പിതാവിന്റെ അടുത്തുചെന്ന് ദാവീദിന്റെ ജീവൻ രക്ഷിക്കാനായി അവന്റെ ചെയ്തികളിലെ നന്മകൾ ജോനാഥൻ എടുത്തുപറയുന്നു. "ദാസനായ ദാവീദിനോട് രാജാവ് തിന്മ പ്രവർത്തിക്കരുതേ. അവന്റെ പ്രവൃത്തികൾ അങ്ങേയ്ക്കു ഗുണകരമായിരുന്നതേയുള്ളൂ. അവൻ സ്വജീവൻ അവഗണിച്ചുപോലും ഗോലിയാത്തിനെ വധിച്ചു. മഹത്തായ വിജയം കർത്താവ് ഇസ്രായേല്യർക്ക് നല്കി. അതുകണ്ട് അങ്ങു സന്തോഷിച്ചതാണ്. അകാരണമായി ദാവീദിനെ കൊന്ന് നിഷ്കളങ്ക രക്തം ചൊരിഞ്ഞ്, പാപം ചെയ്യുന്നതെന്തിന്?" തന്നിമിത്തം സാവൂൾ ദാവീദിനെ കൊല്ലുകയില്ല എന്ന് ജോനാഥനോട് ശപഥം ചെയ്തു.

ഫിലിസ്ത്യരും ഇസ്രായേൽക്കാരുമായുള്ള യുദ്ധം പിന്നീടും ഇടയ്ക്കിടെ തുടർന്നുകൊണ്ടിരുന്നു. യുദ്ധത്തിൽ ദാവീദ് ഫിലിസ്ത്യരെ പരാജയപ്പെടുത്തി. ദാവീദിന്റെ വിജയം സാവൂളിൽ ദുരാത്മാവിന്റെ ആവാസവും അസൂയയും വളർത്തുകയും നിരവധി തവണ ദാവീദിനെ വധിക്കാൻ ശ്രമം നടത്തുകയും ചെയ്യുന്നു. തന്നെ വധിക്കാൻ ഒരു വേട്ടപ്പട്ടിയെപ്പോലെ പിൻതുടർന്ന സാവൂളിൽനിന്ന് ഓടിരക്ഷപ്പെടുന്ന ദാവീദ് ജോനാഥന്റെ പക്കൽ അക്കാര്യം വിവരിക്കുന്നു. സാമുവൽ ഒന്നാം പുസ്തകം ഇരുപതാം അദ്ധ്യായത്തിൽ ആത്മസുഹൃത്തിന്റെ നൊമ്പരങ്ങൾ പങ്കുവയ്ക്കുന്നത് കണ്ടെത്താനാവും. ഏതു നിമിഷവും തന്റെ മരണം മുന്നിൽ കാണുന്നവന്റെ വിതുമ്പലുകൾക്ക് ചെവിചായ്ക്കുന്ന സ്നേഹിതന്റെ നിറസാന്നിധ്യമാണ് ജോനാഥനിൽ പ്രകടമാകുന്നത്.

വേദനിക്കുന്നവരോടൊപ്പം സഹതപിക്കാനുള്ള ആർജ്ജവം കാട്ടേണ്ടത് മനുഷ്യത്വത്തിന്റെ ഒരു പ്രകാശനമായിരിക്കണം. ഇന്ന് നമുക്കു ചുറ്റും നോക്കിയാൽ കാണുന്ന വിധിയെഴുതുന്ന കൈകൾ കണ്ണീരൊപ്പാൻ ഉയർത്തിരുന്നെങ്കിൽ എന്ന് ചിന്തിച്ചുപോകും. പ്രതീക്ഷയുടെ അവസാനനാളവും തല്ലിക്കെടുത്താൻ മടിക്കാത്ത ലോകം. കലാപഭൂമിയിൽ നിഷ്ക്കളങ്കരക്തം ചൊരിയുമ്പോൾ ഘാതകൻ മാത്രമല്ല, കാണുന്നവനും കേൾക്കുന്നവനും അതിൽ ഭാഗഭാഗിത്വം ഇല്ലേ...? നന്മയുടെ പ്രതികരണ ശക്തിയായി നിലകൊള്ളാൻ പഠിക്കണമെന്ന് ജോനാഥൻ ഓർമ്മിപ്പിക്കും. "നീ ആവശ്യപ്പെടുന്നതെന്തും നിനക്കുവേണ്ടി ഞാൻ ചെയ്യാം" (1 സാമു 20,4). ദാവീദിന്റെ ജീവൻ രക്ഷിക്കാൻ ഏതുവിധേനയും ശ്രമിക്കും എന്ന് വെളിപ്പെടുത്തുന്ന ജോനാഥന്റെ നീക്കങ്ങൾ ശ്രദ്ധേയമാണ്. തന്റെ ആത്മസുഹൃത്തിന്റെ അപകടമോ അധപതനമോ മരണമോ അവൻ ആഗ്രഹിക്കുന്നില്ല. ആപത്തിൽ സ്നേഹിതനൊപ്പം നിൽക്കാനും അനുകൂലചെയ്തികൾ നിർവ്വഹിക്കാനും ജോനാഥൻ തയ്യാറാകുന്നു. "നിന്നെ ദ്രോഹിക്കാനാണ് എന്റെ പിതാവിന്റെ തീരുമാനമെങ്കിൽ അതറിയിച്ച് നിന്നെ ഞാൻ സുരക്ഷിതനായി പറഞ്ഞയയ്ക്കും. അല്ലെങ്കിൽ കർത്താവ് എന്നെ ശിക്ഷിക്കട്ടെ! കർത്താവ് എന്റെ പിതാവിനോട് കൂടെയായിരുന്നതുപോലെ നിന്നോടു കൂടെയുമായിരിക്കട്ടെ. ഞാൻ ജീവിച്ചിരുന്നാൽ, കർത്താവിന്റെ നാമത്തിൽ എന്നോട് കാരുണ്യം കാണിക്കണം; മരിച്ചാൽ എന്റെ കുടുംബത്തോടു നിനക്കുള്ള കൂറ് ഒരിക്കലും നഷ്ടപ്പെടുത്തരുത്" (1 സാമു 20,13-16). ഇതിൽനിന്നും ജോനാഥൻ ദാവീദിനെ പ്രാണനുതുല്യം സ്നേഹിച്ചിരുന്നു എന്ന് വ്യക്തം.

നിരന്തരം തന്നെ കൊല്ലുവാൻ ശ്രമം നടത്തുന്ന സാവൂളിന്റെ വിരുന്നുമേശയിലിരിക്കാൻ മടിക്കുന്ന ദാവീദ്, അതിൽനിന്ന് പിൻമാറാനുള്ള തന്ത്രം ജോനാഥനോട് പങ്കുവയ്ക്കുന്നു. പതിവുപോലെ അമാവാസിനാളിലുള്ള വിരുന്നുസമയത്ത് ദാവീദിന്റെ ഇരിപ്പിടം ശൂന്യമായിരുന്നു. രണ്ടാം ദിവസവും ദാവീദിന്റെ അഭാവം മനസ്സിലാക്കിയ സാവൂൾ ജോനാഥനോട് കോപിക്കുന്നു. "അവൻ ജീവിച്ചിരിക്കുന്നിടത്തോളംകാലം നിനക്ക് രാജാവാകാനോ രാജത്വം സ്ഥാപിക്കാനോ സാധിക്കുകയില്ല. അതുകൊണ്ട് അവനെ ആളയച്ച് എന്റെയടുക്കൽ പിടിച്ചുകൊണ്ടുവരിക. അവൻ മരിക്കണം" (1 സാമു 20,31). ജോനാഥൻ ചോദിച്ചു: "എന്തിനവനെ വധിക്കണം? അവനെന്തു ചെയ്തു?" ദാവീദിനെ കൊല്ലുവാൻ തന്റെ പിതാവ് ഉറച്ചിരിക്കുകയാണെന്ന് അവനു ബോധ്യമായി. ചെയ്തികളിലെ നന്മതിന്മകൾ വിലയിരുത്തപ്പെടേണ്ടതുണ്ട് എന്ന് ജോനാഥൻ ഈ ചോദ്യത്തിലൂടെ വ്യക്തമാക്കുന്നു - എന്തിനവനെ വധിക്കണം? അവൻ എന്തു ചെയ്തു? മിശിഹായുടെ മരണവിധിയിൽ ആരും ചോദിക്കാതെ പോയ ചോദ്യവും ഇതാണ്. ഇന്നും ചോദിക്കാൻ ഏറെ പ്രസക്തിയുള്ള ചോദ്യവുമാണ്. നമ്മുടെ വിധിതീർപ്പുകളും വിലയിരുത്തലുകളും വിവേകത്തോടെ പരിശോധിക്കപ്പെടണം. നന്മചെയ്താലും തിന്മചെയ്താലും മരിക്കണം എന്ന വിധിയുടെ നിഴലിലാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. പാടില്ല എന്നു പറയുവാൻ നാവുയർത്തണം; അരുത് എന്ന് പറയുവാൻ കരമുയർത്തണം. വിരുന്നുമേശയിലെ വിധിയാളന്മാരുടെ മുമ്പിൽ പതറാതെ നന്മയ്ക്കുവേണ്ടി, രാജാവിന്റെ നിലപാടിനെതിരെ ചോദ്യമുയർത്തിയവനാണ് ജോനാഥൻ. നിഷ്ക്കളങ്ക രക്തത്തിന് വിലകല്പിച്ച രാജപുത്രൻ.

കോപിഷ്ഠനായ സാവൂളിന്റെ വിരുന്നുമേശയിൽനിന്ന് എഴുന്നേറ്റ ജോനാഥൻ, ദാവീദുമായി പറഞ്ഞതനുസരിച്ച് ഒരു കുട്ടിയോടൊത്ത് വയലിലേക്കു പോയി. അവൻ ആ കുട്ടിയോട് പറഞ്ഞു: "ഞാൻ എയ്യുന്ന അമ്പ് ഓടിച്ചെന്ന് കണ്ടെടുക്കുക. കുട്ടി ഓടുമ്പോൾ ജോനാഥൻ അവന്റെ അപ്പുറത്തേയ്ക്ക് ഒരമ്പെയ്തു. ജോനാഥൻ എയ്ത അമ്പ് വീണിടത്ത് കുട്ടി ചെന്നപ്പോൾ അവൻ കുട്ടിയോട് വിളിച്ചു പറഞ്ഞു: അമ്പ് നിന്റെ അപ്പുറത്തല്ലേ? അവിടെ നിൽക്കരുത്, ഓടുക വേഗമാകട്ടെ. കുട്ടി അമ്പ് പെറുക്കിയെടുത്ത് അവന്റെ അടുത്തെത്തി. ജോനാഥനും

ദാവീദും നേരത്തെ പറഞ്ഞതനുസരിച്ച് ചെയ്തതായതിനാൽ ആ കുട്ടിയ്ക്ക് കാര്യം മനസ്സിലായില്ല. ജോനാഥൻ ആയുധങ്ങളെല്ലാം കുട്ടിയെ ഏൽപ്പിച്ചിട്ട് നഗരത്തിലേക്ക് കൊണ്ടുപൊയ്ക്കൊള്ളാൻ പറഞ്ഞയച്ചു. ഉടനെ കൽക്കൂനകൾക്കടുത്ത് ഒളിച്ചിരുന്ന ദാവീദ് എഴുന്നേറ്റ് മൂന്നുപ്രാവശ്യം നിലത്തു കുമ്പിട്ടു. ജോനാഥനും ദാവീദും പരസ്പരം ചുംബിച്ചു. ദാവീദിന് പരിസരബോധം വരുന്നതുവരെ അവർ കരഞ്ഞു. ജോനാഥൻ അവനോട് പറഞ്ഞു. 'സമാധാനത്തോടെ പോവുക'. അങ്ങനെ വീണ്ടും ദാവീദ് സാവൂളിൽനിന്ന് ഓടിയൊളിക്കുന്നു.

സ്നേഹിതന്മാർ തമ്മിലുള്ള കൂടിക്കാഴ്ച എത്ര മനോഹരമായി അവതരിപ്പിക്കുന്നു! ദാവീദ് പരിസരബോധം വരുന്നതുവരെ ഒരുപക്ഷേ ജോനാഥന്റെ തോളിലാവും തലചായ്ച്ചത്. അവന്റെ കണ്ണുനീരും ഹൃദയത്തിന്റെ ദ്രുതതാളവും ജോനാഥൻ അനുഭവിച്ചറിഞ്ഞിട്ടുണ്ടാവും. കണ്ണുനീർ അവനെ നനച്ചുകാണും. അപരന്റെ വേദന പേറുവാൻ ചുമൽചായ്ച്ചവന്റെ വികാരവും വിശിഷ്ടമാണ്. സഹോദരങ്ങളുടെ നൊമ്പരങ്ങളിൽ പങ്കുചേരുന്നതിന്റെ മൂല്യം തെളിയിക്കുന്ന ചിത്രം വേറെ എന്തിന്?

ജോനാഥന്റെ പിതാവിനെ ഭയന്ന് മലമുകളിലും മരുഭൂമിയിലും ഗുഹകളിലും കുന്നുകളിലുമെല്ലാം അഭയംതേടുന്ന ദാവീദിനെ അവൻ ധൈര്യപ്പെടുത്തുന്നുണ്ട്: "ഭയപ്പെടേണ്ട, എന്റെ പിതാവ് സാവൂളിന് നിന്നെ പിടികിട്ടുകയില്ല. നീ ഇസ്രായേലിന്റെ രാജാവാകും. ഞാൻ നിനക്ക് രണ്ടാമനും. എന്റെ പിതാവിനും ഇതറിയാം" (1 സാമു 23,17). മരണദൂതനെപ്പോലെ സാവൂളും, കാവൽദൂതനെപ്പോലെ ജോനാഥനും ദാവീദിനെ പിന്തുടരുന്നു. നന്മനിറഞ്ഞ ലോകത്തിൽ പ്രതീക്ഷ നല്കുന്ന നന്മയുടെ നാമ്പുകൾ ഉണങ്ങിയിട്ടില്ല എന്നത്രേ അറിയേണ്ടത്.

ഗിൽബോവാക്കുന്നിൽ ഇസ്രായേല്യർ ഫിലിസ്ത്യരോട് തോറ്റോടി. അവിടെവച്ച് സാവൂളും പുത്രന്മാരും വധിക്കപ്പെട്ടു. സാവൂളിന്റെയും ജോനാഥന്റെയും മരണം ദാവീദിൽ ഏറെ വേദനയുളവാക്കി. അവൻ തന്റെ വസ്ത്രം കീറി വിലപിക്കുകയും ഉപവസിക്കുകയും ചെയ്തു. അവരുടെ സ്മരണ ഇസ്രായേലിൽ നിലനില്ക്കുന്നതിനായി ദാവീദ് വിലാപഗാനം രചിച്ചു. സാവൂളും ജോനാഥനും പ്രിയരും പ്രാണപ്രിയരുമായിരുന്നെന്ന് അനുസ്മരിക്കുന്നു. കഴുകനേക്കാൾ വേഗമുള്ളവൻ! സിംഹത്തേക്കാൾ ബലമുള്ളവൻ! ശക്തരായവൻ എങ്ങനെ നിലംപതിക്കുമെന്ന് ദാവീദ് കേഴുന്നു. ഗാഢമായ സ്നേഹബന്ധങ്ങളുടെ ഊഷ്മളത വളരെ കുറഞ്ഞവരികളിൽ ദാവീദ് അനുസ്മരിക്കുന്നു: "സോദരാ, ജോനാഥൻ, നിന്നെയോർത്ത് ഞാൻ ദുഃഖിക്കുന്നു; നീ എനിക്ക് അതിവത്സലനായിരുന്നു; എന്നോടുള്ള നിന്റെ സ്നേഹം സ്ത്രീകളുടെ പ്രേമത്തെക്കാൾ അഗാധമായിരുന്നു" (2 സാമു 1,26). ആയുധങ്ങളും യുദ്ധത്തിന്റെ വിജയവും നിസ്സാരങ്ങളാണ്. സ്നേഹിതനു പരിചയായി നിലകൊണ്ട ജോനാഥൻ, തന്റെ സുഹൃത്തിനുവേണ്ടി കിരീടം ത്യജിക്കുകയും പിതാവിനുവേണ്ടി മരിക്കുകയും ചെയ്തു. നന്മയുടെ കാവലാളായിരുന്ന ജോനാഥനെ ലോകം ഒരിക്കലും വിസ്മരിക്കില്ല.

**ഓർമ്മിക്കാൻ:**

☞ ***സമാധാനപ്രിയനും ദൈവഭക്തനുമായിരുന്നു ജോനാഥാൻ.***

☞ ***ഒരു കാവൽമാലാഖയാവുക.***

☞ ***അപരന്റെ നൊമ്പരങ്ങൾക്ക് കാതോർക്കുക; കൂടെയായിരിക്കുക.***

☞ ***"ദൈവഭക്തനും കല്പനകൾ പാലിക്കുന്നവനെന്ന് ഉറപ്പുള്ളവനും നിന്റെ സ്വഭാവത്തിന് ഇണങ്ങുന്നവനും നിന്റെ പരാജയത്തിൽ സഹതപിക്കുന്നവനുമായ ഒരുവനോട് എപ്പോഴും ഒട്ടിനില്ക്കുക"*** (പ്രഭാ 37,12).

# ലൈവ്



സാബി കോഴിക്കോട്

**ര**ണ്ടാഴ്ചമുമ്പ് മണിമലയ്ക്ക് അടുത്തുള്ള കരിമ്പനക്കുളം ഇടവകയിൽ കുട്ടികൾക്കായുള്ള ധ്യാനം നടത്തുന്ന ടീമിൽ ഞാനുംകൂടി. കോരിച്ചൊരിയുന്ന മഴ.... ഞായറാഴ്ച ആയതിനാൽ ബസും വളരെ കുറവ്. എന്തായാലും രാവിലെ 9.00 മണിയോടെ ഞങ്ങൾ പള്ളിപ്പടിയിൽ ബസിറങ്ങി. കടകളോ മറ്റു സാധ്യതകളോ അവിടെ കാണാനേയില്ല. റോഡിന്റെ ഇരുവശവും ഇടതൂർന്ന മരങ്ങൾ. മഴയെ അവഗണിച്ചു മുന്നോട്ടുപോകുവാൻ ബദ്ധപ്പെടുന്നതിനിടയിലും എന്റെ കണ്ണുകൾ ഉടക്കിയത് വഴിയരികിൽ വലിയൊരു കുടക്കീഴിൽ ലൈവ് ആയി ചൂട് ഉണ്ണിയപ്പം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അവറാച്ചൻ ചേട്ടനിലാണ്.

ഏകദേശം 75 നുമേൽ പ്രായമുള്ള അദ്ദേഹത്തിന് എവിടെനിന്നു കിട്ടി ഈ ധൈര്യം...! പലരും കച്ചവടത്തിനുവേണ്ടി ലക്ഷക്കണക്കിനു കാശുമുടക്കി കെട്ടിടം നിർമ്മിക്കുമ്പോൾ അവിരാച്ചൻചേട്ടനുള്ളതോ വെറുമൊരു കുടയും ഒടിച്ചുമടക്കാവുന്ന ഒരു കുഞ്ഞുമേശയും ഒരു മണ്ണെണ്ണ സ്റ്റൗവും ഒരു ഉണ്ണിയപ്പച്ചട്ടിയും മാത്രം. ആഞ്ഞുവീശുന്ന കാറ്റിൽ തീയണയാതിരിക്കാൻ മറയായി വച്ചിരിക്കുന്നതോ ഒരു അലുമിനിയം അടപ്പും. "അദ്ദേഹത്തെ സമ്മതിക്കണം". കമന്റ് അടിച്ച് പള്ളി ലക്ഷ്യമാക്കി ഞങ്ങൾ നടന്നു. ഉച്ചകഴിഞ്ഞ് ഏകദേശം രണ്ടര മണിയോടെ ഞങ്ങൾ ബസ്സ്റ്റോപ്പിൽ തിരികെ എത്തുമ്പോഴും അദ്ദേഹം തിരക്കിട്ട് ലൈവ് ഉണ്ണിയപ്പം ഉണ്ടാക്കിക്കൊടുക്കുകയായിരുന്നു. വാഹനത്തിന്റെ ഒരു നീണ്ട നിരതന്നെ ഉണ്ണിയപ്പത്തിനുവേണ്ടി കാത്തുകിടപ്പുണ്ടുതാനും. വിലയും മിനിമമാണ് 150 ഗ്രാമിന് 50 രൂപ. ഞങ്ങൾക്കും ഒരു ഉണ്ണിയപ്പം കഴിക്കണമെന്നാഗ്രഹമുണ്ടായിരുന്നെങ്കിലും ക്യൂ കാരണം സാധിച്ചില്ല.

ഇത് 'ലൈവി'ന്റെ കാലമാണ്. ലൈവ് വാർത്തകൾ, ലൈവ് ഭക്ഷണം, ലൈവ് കൊടുക്കൽ വാങ്ങലുകൾ തുടങ്ങിയവയുടെ കാലം. ജീവിതത്തിലെന്നും 'ലൈവ്' ആകുവാൻ ആഗ്രഹിക്കാ

ത്തവരായി ആരാണുള്ളത്? വ്യക്തികൾ ലൈവ് ആകുമ്പോൾ കുടുംബവും സമൂഹവും അപ്രകാരമായിത്തീരും. കുടുംബങ്ങളും ജോലിസ്ഥലങ്ങളും നമുക്ക് അരോചകമായി മാറുന്നതെന്തുകൊണ്ടാണ്? ഒരേ കാര്യങ്ങൾ യാന്ത്രികമായി, പതിവായി ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ടുതന്നെ. ഉണ്ണിയപ്പവും ചൂടാണെങ്കിൽ കഴിക്കാൻ നല്ല രസമുണ്ട്. എന്നാൽ ഒരാഴ്ച ഇരുന്നാലോ... പതുക്കെ കട്ടിപിടിക്കുകയും പൂപ്പൽ വ്യാപിച്ച് ഉപയോഗയോഗ്യമല്ലാതാവുകയും ചെയ്യും. കുടുംബത്തിൽ 'പുതുമ' നഷ്ടപ്പെടാതിരിക്കുവാൻ മന്ദോഷ്ണതയും യാന്ത്രികതയും നാം ഒഴിവാക്കിയേ മതിയാവൂ. സംസാരത്തിൽ മാധുര്യവും സ്നേഹവും അപരനോടുള്ള പരിഗണനയും കളിയാടണം. അപരന്റെ ആവശ്യങ്ങളിൽ, അവന്റെ വേദനകളിൽ കൂടെയെത്തണം. അതിനു മനുഷ്യമക്കളുടെ ഏതാവശ്യങ്ങളിലും കണ്ണിമയ്ക്കാതെ കൂടെയെത്തുന്ന കർത്താവിന്റെ ഹൃദയം നാം സ്വന്തമാക്കണം. അവിടുത്തെ വാക്കുകൾ മരണത്തിന്റെ വക്കിലെത്തിയവരെപ്പോലും ജീവനിലേക്കാനയിക്കുന്നതായിരുന്നു. ആരുടെയും ശിരസ്സു കുനിയുവാൻ അവൻ അനുവദിച്ചില്ല. ആർക്കുംവേണ്ടാത്ത ചുങ്കക്കാരനെയും പാപിനിയെയുമൊക്കെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരുവാൻ അവൻ അവരുടെ ഓരംചേർന്നു നടന്നു. പാപങ്ങളൊക്കെയും കാറ്റിൽ പറന്നുപോകുന്ന മണലിൽ എഴുതുവാൻ അവൻ പഠിപ്പിച്ചു. അതിന് നമ്മുടെ സ്രഷ്ടാവായ ദൈവത്തെപ്പറ്റിയുള്ള ഓർമ്മയും അവനിലുള്ള വിശ്വാസവും അവനോടുള്ള സ്നേഹവും നമ്മിൽ ലൈവാകണം. പരിശുദ്ധ കുർബാനയിലൂടെയും മറ്റു കൂദാശകളിലൂടെയും പ്രാർത്ഥനയിലൂടെയും നാമനുഭവിക്കുന്ന ദൈവത്തെ 'ലൈവാ'യി അടുത്ത തലമുറയ്ക്ക് പകർന്നുകൊടുക്കാൻ നമുക്കാവണം. തീർച്ചയായും മിശിഹായുടെ സ്നേഹത്തിന്റെ കനൽ എരിയുന്നൊരു ഹൃദയത്തിനേ ഇതു സാധ്യമാകൂ!

'എല്ലാം ഇങ്ങോട്ടു പോരട്ടെ' എന്ന മനഃസ്ഥിതി നമ്മെ നിശ്ചലാവസ്ഥയിലേയ്ക്കേ നയിക്കൂ. ലൈവ് ആയി ജീവിക്കുക എന്നത് വലിയ റിസ്കാണ്. അതിന് കഠിനാദ്ധ്വാനവും തന്റെ കഴിവുകളെ വ്യയം ചെയ്യാനുള്ള നല്ല മനസ്സും ആവശ്യമാണ്. മഴയും മഞ്ഞും വെയിലും കൊള്ളേണ്ടതായി വരും. പലപ്പോഴും സ്വയം വിട്ടുകൊടുക്കേണ്ടതായും തേഞ്ഞുതീരേണ്ടതായും വരും. ഇതിനു നീ തയ്യാറായാൽ ഒന്നുറപ്പാണ്, നമ്മുടെ ജീവിതപങ്കാളികളും മക്കളും നമ്മെവിട്ട് എങ്ങും പോകില്ല.

ലൈവ് ആയി ജീവിക്കുന്നതിനുള്ള മറ്റൊരു സൂത്രവാക്യമാണ് നാമെന്തായിരിക്കുന്നുവോ അതിനെ അംഗീകരിക്കുക എന്നത്. പ്രായം ഏതുമായിക്കൊള്ളട്ടെ, ആരോഗ്യം എങ്ങനെയുമായിക്കൊള്ളട്ടെ, ജീവിതനിലവാരം ഉയർന്നതോ താഴ്ന്നതോ ആയിക്കൊള്ളട്ടെ, നമ്മെക്കൊണ്ടാവുന്നത് ക്രിയാത്മകമായി ചെയ്യുവാൻ നമുക്കായാൽ നമുക്കു ചുറ്റും സ്വർഗം പണിയാൻ മറ്റു മാർഗങ്ങളൊന്നും നോക്കേണ്ടതായി വരില്ല.

അപരനെ ആകർഷിക്കുവാൻ ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന അനിതരസാധാരണമായ കഴിവാണ് നമ്മുടെ ചുണ്ടിൽ വിരിയുന്ന പുഞ്ചിരിയും സുസ്മേരവദനവും. ഉള്ളിൽ കടലുകൾ ഇരമ്പുന്നുണ്ടാവാം. എങ്കിലും അപരന്റെ ഹൃദയത്തെ സന്തോഷിപ്പിക്കാൻ യാതൊരു കാശു ചെലവുമില്ലാത്ത ഹൃദ്യമായൊരു പുഞ്ചിരി സമ്മാനിക്കുവാൻ ആർക്കുമാവില്ലേ? മനസ്സുവേണമെന്നുമാത്രം.

ദൈവവുമായി നിരന്തരമായ ഒരു ബന്ധം കാത്തുസൂക്ഷിക്കുന്നവർക്ക് ലൈവ് ആയി ജീവിക്കുവാനും അപരനെ ലൈവ് ആക്കുവാനും പണിപ്പെടേണ്ടി വരികയില്ല. മറക്കാതിരിക്കാം:

Keep in touch with God, and you will be the man with the 'touch of God'.



# അധികഭാരം വലിച്ചെറിയൂ

ആൻസി കടുപ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**നാ**മൊക്കെ നിരന്തരം യാത്ര ചെയ്യുന്നവരാണ്. യാത്ര ഇഷ്ടപ്പെടാത്തവരായി ആരാണുള്ളത്? ഈ യാത്ര ആസ്വാദ്യകരമാകണമെങ്കിൽ നമ്മോടൊപ്പം അത്യാവശ്യസാധനങ്ങളേ പാടുള്ളൂ. ട്രെയിനിൽ യാത്ര ചെയ്തിട്ടുള്ളവർ ശ്രദ്ധിച്ചിട്ടുണ്ടാവും അവിടെ എഴുതി വച്ചിരിക്കുന്ന വാചകം. “Less luggage, more comfort”. അക്ഷരാർത്ഥത്തിൽ ഇത് തികച്ചും അർത്ഥപൂർണമാണ്. നിർഭാഗ്യവശാൽ ആത്മീയവും ഭൗതികവുമായ ജീവിതത്തിൽ നാമൊക്കെ ആവശ്യത്തിലധികം ഭാരം ചുമക്കുന്നവരാണ്. ജീവിതയാത്രയെ അസഹനീയമാക്കുന്ന “അധികഭാരം” ഏവയെന്നു മനസ്സിലാക്കി അതിനെ ഓരോന്നായി വലിച്ചെറിയുവാൻ ധൈര്യം കാട്ടിയവരാണ് ജീവിതവിജയം നേടിയവരെല്ലാം. നമ്മുടെ ശരീരത്തിന്റെ കാര്യത്തിലായാൽപോലും അമിതഭാരം ആപത്താണ്. അങ്ങനെയുള്ളവരുടെ ആരോഗ്യം അതിവേഗം ക്ഷയിക്കുന്നു. അതുപോലെതന്നെ അനുദിനജീവിതം ആയാസകരമായി മുമ്പോട്ടു കൊണ്ടുപോകാൻ സാധിക്കാതെ വരുന്നു. തത്ഫലമായി ചെറിയ കാര്യങ്ങളിൽപോലും പരസഹായം ആവശ്യമായി വരുന്നു. മാത്രമല്ല, അമിതഭാരം നമ്മെ അലസതയിലേക്കും ആർത്തിയിലേക്കും കൊണ്ടുചെന്നെത്തിക്കും.

വിശുദ്ധഗ്രന്ഥം യോനാ പ്രവാചകന്റെ പുസ്തകത്തിൽ വളരെ അർത്ഥവത്തായ ഒരു സംഭവം വിവരിക്കുന്നുണ്ട്. ദൈവമായ കർത്താവ് യോനാ പ്രവാചകനോട് നിനിവേ നിവാസികളുടെ അടുക്കലേക്കുപോയി അവരെ മാനസാന്തരത്തിലേക്ക് ആനയിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ പ്രവാചകൻ കർത്താവിൽനിന്നും ദൂരെയകന്ന് താർസീസ്സിലേക്ക് കപ്പൽ കയറി രക്ഷപ്പെടാൻ ശ്രമിക്കുന്നു. ഉടൻതന്നെ കർത്താവ് കടലിലേക്ക് ഒരു കൊടുങ്കാറ്റ് അയച്ചു. കടൽക്ഷോഭത്തിൽ കപ്പൽ തകരുമെന്നുറപ്പായപ്പോൾ ഭാരം കുറയ്ക്കുവാൻവേണ്ടി കപ്പലിൽ ഉണ്ടായിരുന്ന ചരക്കുകളെല്ലാം കപ്പൽയാത്രക്കാർ കടലിലേക്ക് വലിച്ചെറിഞ്ഞു (യോനാ 1,4-5).

നമ്മുടെ ജീവിതമാകുന്ന കപ്പലിനെ മുക്കിക്കളയുന്ന, അപകടത്തിലാക്കുന്ന, അമിതഭാരങ്ങളെ കണ്ടെത്താൻ നമുക്കൊരു പരിശ്രമം നടത്തിയാലോ? ഒട്ടനവധി ചെറുതും വലുതുമായ സംഗതികൾ നമുക്ക് അവിടെ കാണാനാവും. വാട്ട്സ്ആപ്പിൽ കണ്ട ഒരു വീഡിയോ ഞാൻ ഓർമ്മിക്കുന്നു. ഒരു യുവാവ് ചുമലിൽ ഭാരമേറിയ ഒരു ഭാണ്ഡക്കെട്ടുമായി ക്ഷീണിച്ച് അവശനായി ദൈവാലയത്തിലെ കുമ്പസാരക്കൂട്ടിലേക്ക് സാവകാശം നടന്നടുക്കുന്നു. അവനെ കണ്ടയുടനെ ഈശോ കുമ്പസാരക്കൂട്ടിൽ കയറിയിരുന്നു. ആ യുവാവാകട്ടെ തന്റെ ജീവിതത്തെ ഭാരപ്പെടുത്തിക്കൊണ്ടിരുന്ന തെറ്റായ ചിന്താഗതികൾ, മുൻവിധികൾ, തഴക്കദോഷങ്ങൾ, മറ്റാരോടും പറയാനാവാത്ത അവന്റെ സ്വകാര്യദുഃഖങ്ങൾ, ജീവിതക്ലേശങ്ങൾ തുടങ്ങിയെല്ലാമെല്ലാം ഈശോയുടെ മടിയിലേക്ക് ഓരോന്നായി ഇട്ടുകൊടുത്തുകൊണ്ടേയിരുന്നു. അത്ഭുതമെന്നു പറയട്ടെ അവന്റെ തോളിലെ ഭാണ്ഡക്കെട്ട് സാവകാശം ചുരുങ്ങിച്ചുരുങ്ങി അപ്രത്യക്ഷമായി. നിറഞ്ഞ സന്തോഷത്തോടെ, സ്വാതന്ത്ര്യത്തോടെ, ചുണ്ടിൽ ഊറിയ പുഞ്ചിരിയുമായി ആ യുവാവ് അവിടെനിന്നും നടന്നുനീങ്ങി.

ഓർക്കുക പ്രിയരേ, ജീവിതത്തിന്റെ അധികഭാരത്താൽ നിങ്ങൾ തളർന്ന് അവശരായേക്കാം. വല്ലാത്ത മാനസിക അവസ്ഥയിലൂടെ കടന്നു പോകേണ്ടിവന്നേക്കാം. ഇതൊക്കെ എങ്ങനെ പരിഹരിക്കുമെന്നോർത്ത് ആകുലപ്പെട്ടേക്കാം. ഭയപ്പെടേണ്ട, നീ ഇരിക്കേണ്ട ഇടം നിന്റെ ഇടവകപ്പള്ളിയാണ്. ലോകത്തിലെ ഒരു പാർക്കിലും ലഭിക്കാത്ത, ഒരു ബീച്ചിൽനിന്നും നിനക്കു കിട്ടാത്ത നിറവ്, ആനന്ദം നസ്രായന്റെ ആ തൂവെള്ള അപ്പത്തിൽ നിന്നും നിനക്കു ലഭിക്കും. ലോകത്തിലെ ഒരു വ്യക്തിക്കും ശക്തിക്കും തരാൻ പറ്റാത്ത ആന്തരികശക്തി അവിടെനിന്നും നിനക്കു ലഭിക്കും. അതുകൊണ്ട് ഓർക്കുക, നിന്റെ ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളിൽ നിനക്കോടി വരാൻ, വിശ്വസിച്ചേറ്റു പറയാൻ പറ്റുന്ന ഇടം നിന്റെ ദൈവാലയവും അവിടെയുള്ള ആ കുമ്പസാരക്കൂടുമാണ്. അതിനെ നീ പ്രണയിക്കുക. ഒന്നോർക്കുക; ജീവിതത്തിൽ അറിഞ്ഞുകൊണ്ട് അമിതഭാരങ്ങൾ വലിച്ചു കയറ്റാതിരിക്കുക. ദൈവം അനുവദിക്കുന്ന ചില ഭാരങ്ങളുണ്ട്. അവയെപ്പറ്റി ആകുലപ്പെടേണ്ട. കാരണം വചനം നമുക്ക് ഉറപ്പുതരുന്നു. “നിന്റെ ഭാരം കർത്താവിനെ ഏല്പിക്കുക അവിടുന്നു നിന്നെ താങ്ങിക്കൊള്ളും” (സങ്കീ 55,22).




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**




**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**രോ**ഗിയായ ഒരു സ്ത്രീയെ സന്ദർശിക്കാനാണ് സന്ന്യാസി എത്തിയത്. സന്ന്യാസിയുടെ സ്നേഹാന്വേഷണങ്ങൾക്കു നല്കിയ മറുപടിയുടെ അവസാനം അവർ ഇങ്ങനെ പറഞ്ഞു: "അധികമാരെയും ബുദ്ധിമുട്ടിക്കാതെ എത്രയും വേഗം കടന്നുപോകണം എന്നാണെന്റെ ആഗ്രഹം". നിശബ്ദനായി പുറത്തേയ്ക്കിറങ്ങിയ സന്ന്യാസി തെല്ലിട നേരത്തിനുള്ളിൽ തിരികെ വന്നപ്പോൾ കൈയിൽ ഒരു കുപ്പിയുണ്ടായിരുന്നു. അത് ആ സ്ത്രീയുടെ കൈയിൽ കൊടുത്തിട്ട് സന്ന്യാസി പറഞ്ഞു: "ഇതങ്ങ് കുടിച്ചുകൊള്ളുക. എല്ലാം പെട്ടെന്നുതന്നെ അവസാനിക്കും; വിഷമാണ്". സ്തബ്ധയായ അവരെ നോക്കി ഗുരു തുടർന്നു: "കൊണ്ടും കൊടുത്തുമൊക്കെയേ ഈ ജീവിതം മുന്നോട്ടുപോവുകയുള്ളൂ. അതിലുണ്ടാവുന്ന സഹനങ്ങളെ സ്വീകരിക്കാതിരിക്കാൻ സാധിക്കുകയില്ല".

രോഗം നല്കുന്ന വേദനയും സഹനം നല്കുന്ന മനോവ്യഥയും ചേരുമ്പോൾ മനുഷ്യരെന്ന നിലയിൽ നാമെല്ലാവരുംതന്നെ മേൽപ്പറഞ്ഞ സ്ത്രീയുടെ പ്രാർത്ഥന ആവർത്തിക്കാറുണ്ട്. സഹനത്തിൽനിന്നും ഓടിയൊളിക്കുക മനുഷ്യരാശിയുടെ പ്രവണതയായി മാറിക്കഴിഞ്ഞു. മുങ്ങുവോളം വെള്ളംനിറഞ്ഞ വള്ളത്തിന്റെ അമരത്ത് ഉറങ്ങുന്നതായിപ്പോലും ഗുരുവില്ല എന്ന അനുഭവം ഭീകരമായ സഹനമാണ്. എന്നാൽ ഞാനാകുന്ന വള്ളം മുങ്ങാതെ താങ്ങിനിർത്തുന്നത് ഗുരുതന്നെയാണെന്ന തിരിച്ചറിവു നല്കുന്ന ആശ്വാസവും ആത്മബലവും മറ്റാർക്കും നല്കാനാവില്ല എന്നത് ഉറപ്പാണ്. അടുത്ത ചുവട് എവിടെ വയ്ക്കണമെന്നറിയാതെ ഉഴലുമ്പോൾ ഗുരു കാട്ടിത്തരുന്നത് നിലയില്ലാക്കയമാണെന്നു തോന്നിയാലും ധൈര്യമായി ഇറങ്ങാം. എന്റെ ജീവിതത്തിന്റെ നിയന്ത്രണം എനിക്കുവേണ്ടി ജീവനർപ്പിച്ചവന്റെ കൈയിൽ പൂർണമായി വിട്ടുകൊടുത്താൽ അത്ഭുതങ്ങൾ മഴപോലെ പെയ്യും.

ജീവിതം വച്ചുനീട്ടിയ സഹനങ്ങളെപ്പറ്റി പരാതിപ്പെടാൻ ഒരുമ്പെടുമ്പോൾ, താണ്ടിയ വഴികളൊക്കെയും ഒറ്റയ്ക്കല്ലായിരുന്നുവെന്നും, കരുതുന്ന ദൈവത്തിന്റെ കരങ്ങളിലായിരുന്നു യാത്രയെന്നും മനസ്സിലാക്കണം. അതിന് പിന്നിട്ട വഴികളിലേക്ക് ശാന്തമായി ഒന്നു തിരിഞ്ഞുനോക്കണം.

ഡ്രൈവർ സീറ്റിൽ ഒരാൾക്കേ ഇരിക്കാനാവൂ എന്നത് അറിയാൻ പാടില്ലാത്തവർ ആരുമില്ലല്ലോ. എത്ര പ്രഗത്ഭനാണെങ്കിലും തൊട്ടടുത്തിരിക്കുന്ന വ്യക്തിക്ക് വാഹനം നിയന്ത്രിക്കാനാവില്ല; നിർദ്ദേശങ്ങൾ തരാനേ പറ്റൂ. ഉറപ്പുവരുത്തണം, എന്റെ ജീവിതമാകുന്ന വാഹനത്തിന്റെ ഡ്രൈവർ ഞാനല്ല എന്റെ കർത്താവുതന്നെയാണെന്ന്. അപ്പോൾ എത്ര ദുർഘടം പിടിച്ച വഴിയിലൂടെയും ശാന്തമായി, കാഴ്ചകളൊക്കെ കണ്ട്, യാത്ര ആസ്വദിക്കാനാവും. നമ്മുടെ വ്യഗ്രത തമ്പുരാനു കൊടുക്കേണ്ടതിനെക്കുറിച്ചും തമ്പുരാൻ ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ചും മാത്രമാകട്ടെ. അപ്പോൾ നമ്മുടെ എല്ലാ വ്യഗ്രതകളും അവൻ ഏറ്റെടുത്തുകൊള്ളും. തീർച്ച.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



സിജി കുന്നത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: "തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (ലൂക്കാ 14,11).

എളിമയുടെ മാതൃകയും സേവനതത്പരയുമായിരുന്ന അമ്മേ, എല്ലാവരിലും എളിയവരായി ജീവിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: "കർത്താവേ കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (മത്താ 7,21).

പിതാവിന്റെ ഹിതം എപ്പോഴും പൂർത്തിയാക്കിയ അമ്മേ എപ്പോഴും ദൈവഹിതത്തിന് ആമ്മേൻ പറയുവാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: "ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാണ്" (ലൂക്കാ 6,20).

ദാരിദ്ര്യചൈതന്യം എപ്പോഴും കാത്തുസൂക്ഷിച്ച അമ്മേ, ആത്മാവിൽ ദരിദ്രരായി ജീവിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12,24).

ജീവിതം മറ്റുള്ളവർക്കായി നീക്കിവച്ച പരിശുദ്ധ അമ്മേ മറ്റുള്ളവർക്കുവേണ്ടി അഴിയപ്പെടുന്നവരാകാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: "നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല; ചീത്ത വൃക്ഷം നല്ല ഫലങ്ങളും" (ലൂക്കാ 6,43).

സഭയിൽ ഫലം ചൂടി നിൽക്കുന്ന പരിശുദ്ധ കന്യകയേ പുണ്യങ്ങളിൽ വളർന്ന് സഭയിൽ നിറവുള്ളവരായി മാറാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

“ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രകാശം ചൊരിയുവാനായി ഉദയം ചെയ്ത മിശിഹായേ, നിന്റെ സഭയോടു കരുണ കാണിക്കണമേ. അവളുടെ സന്താനങ്ങളെ നശിപ്പിക്കുവാനന്വേഷിക്കുന്ന ദുഷ്ടനെ നശിപ്പിക്കുകയും കടന്നുപോകാത്ത ലോകത്തിൽ നിന്റെ ദാസർക്കായി വാഗ്ദാനം ചെയ്ത സൗഭാഗ്യത്തിന് അവളെ അർഹയാക്കുകയും ചെയ്യണമേ”.



(കൈത്താക്കാലം, തിങ്കൾ-ഖുദാത്ത)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th July 2023

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"മിശിഹാനാഥനു സ്നേഹിതരാം
സഹദാമാരുദ്ഘോഷിച്ചു,
കർത്താവീശോ രക്ഷകനും
ഉലകിൻ ദൈവവുമെന്നാളും,
തെറ്റിലമർന്ന പ്രദേശങ്ങൾ
സ്ലീവായാകും സീരത്താൽ
ഉഴുതുമറിച്ചവർ ജീവനെഴും
തിരുവചനങ്ങൾ പാകി മുദാ"

(കൈത്താക്കാലം,
റംശാ-ആറാം വെള്ളി)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal